2023
JULY
10
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# പൊതു ഓഹരികൾ പിൻവലിക്കാൻ റിലയൻസ് റീട്ടെയിൽ

## 1,362 രൂപ നൽകി തിരികെ വാങ്ങും

**മുംബൈ:** മുകേഷ് അംബാനിയുടെ റിലയൻസ് ഇൻഡസ്ട്രീസിന് കീഴിൽ പ്രവർത്തിക്കുന്ന റിലയൻസ് റീട്ടെയിൽ പൊതു നിക്ഷേപകരുടെ കൈവശമുള്ള എല്ലാ ഓഹരികളും തിരികെ വാങ്ങുന്നു. ഓഹരി ഒന്നിന് 1,362 രൂപ നിരക്കിലാണ് തിരികെ വാങ്ങൽ പ്രഖ്യാപിച്ചത്.




പ്രൊമോട്ടർമാർ ഒഴികെയുള്ളവരുടെ എല്ലാ ഓഹരികളും തിരികെ വാങ്ങുന്നതിനെതിരെ സമൂഹ മാധ്യമങ്ങളിൽ പ്രതിഷേധം ശക്തമായി. കൂടിയ വിലയ്ക്ക് ഓഹരികൾ സ്വന്തമാക്കിയവർക്ക് കമ്പനിയുടെ നീക്കം തിരിച്ചടിയായി. തിരികെ വാങ്ങൽ പദ്ധതി പ്രകാരം 12.31 ലക്ഷം കോടി രൂപയാണ് കമ്പനിയുടെ മൂല്യം നിശ്ചയിച്ചിട്ടുള്ളത്. റിയലൻസ് ഇൻഡസ്ട്രീസിന്റെ നിക്ഷേപകരുടെ അനുമതി കൂടി ലഭിച്ചാൽ ലിസ്റ്റ് ചെയ്യാത്ത ഓഹരികൾ നിക്ഷേപകർക്ക് തിരികെ നൽകേണ്ടിവരും.

റിലയൻസ് റീട്ടെയിലിന്റെ 99.91 ശതമാനം ഓഹരികളും റിലയൻസ് റീട്ടെയിൽ വെഞ്ചേഴ്സിന്റെ കൈവശമാണ് ഇപ്പോഴുള്ളത്. പ്രൊമോട്ടർമാരല്ലാത്ത ഓഹരി ഉടമകളിലായി 78.65 ലക്ഷം(0.09 ശതമാനം) ഓഹരികളുമുണ്ട്. ചില ബ്രോക്കർമാരും അവരുടെ ഇടനിലക്കാരും ലിസ്റ്റ് ചെയ്യാത്ത കമ്പനിയുടെ ഓഹരികൾ കൂടിയ വിലയ്ക്ക് ട്രേഡ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടതിനാലാണ് ഈ നീക്കം നടത്തിയതെന്നാണ് സൂചന. 2,5002,800 നിലവാരത്തിൽ കമ്പനിയുടെ ഓഹരികൾ വ്യാപാരം ചെയ്യപ്പെട്ടിരുന്നുവെന്നാണ് റിപ്പോർട്ടുകൾ. അതേസമയം, ജെ.പി മോർഗൻ, ഏണസ്റ്റ് ആൻഡ് യങ് തുടങ്ങിയവ 8501073 നിലവാരത്തിലാണ് ഓഹരികളുടെ മൂല്യം നിശ്ചയിച്ചിട്ടുള്ളത്.

ആഗോള നിക്ഷേപസ്ഥാപനമായ ബേൺസ്റ്റെയിന്റെ റിപ്പോർട്ട് പ്രകാരം റിലയൻസ് റീട്ടെയിലിന്റെ മൂല്യം 10.82 ലക്ഷം കോടി രൂപയാണ്. റിലയൻസ് റീട്ടെയിൽ വെഞ്ചേഴ്സിന്റെ 85 ശതമാനം ഓഹരികളും റിലയൻസ് ഇൻഡസ്ട്രീസിന്റെ ഉടമസ്ഥതയിലാണിപ്പോഴുള്ളത്. ആഗോള പ്രൈവറ്റ് ഇക്വിറ്റി ഫണ്ടുകളിൽനിന്ന് 2020ൽ റിയൻസ് റീട്ടെയിൽ വെഞ്ചേഴ്സ് 47,265 കോടി രൂപ സമാഹരിച്ചിരുന്നു. 4.2 ലക്ഷം കോടി രൂപയായിരുന്നു അന്ന് കമ്പനിയുടെ മൂല്യം. 2023 സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ അറ്റാദായം 30ശതമാനം വർധിച്ച് 9,181 കോടി രൂപയായിരുന്നു.



# കേരള അഗ്രോ ബിസിനസ് കമ്പനി അന്തിമഘട്ടത്തിൽ

**പാലക്കാട്:** കാർഷികോൽപന്നങ്ങൾക്കു രാജ്യാന്തര വിപണി ഉറപ്പുവരുത്താനും കർഷക സമൂഹത്തിനു മികച്ച വരുമാനം ഉറപ്പാക്കാനും സ്വകാര്യ പങ്കാളിത്തത്തോടെ സർക്കാർ ആരംഭിക്കുന്ന കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരണം അന്തിമഘട്ടത്തിൽ. ഈ മാസം തന്നെ മന്ത്രിസഭായോഗം ചേർന്നു കമ്പനിയുടെ ഭരണസംവിധാനം, സ്വഭാവം, ഓഹരി, പങ്കാളിത്തം, വിപണനം, സാമ്പത്തിക ഘടകങ്ങൾ എന്നിവ തീരുമാനിക്കും.

കൃഷിഭവനുകളിൽ ആരംഭിച്ച കൃഷിക്കൂട്ടങ്ങൾ മുതൽ വിദേശ രാജ്യങ്ങളിലേക്കു മൂല്യവർധിത ഉൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നതു വരെയുള്ള ഘടകങ്ങളെല്ലാം ഏകോപിപ്പിക്കുകയാണു ലക്ഷ്യം. ഉൽപന്നങ്ങൾക്ക് ആവശ്യക്കാരുണ്ടെങ്കിലും ഇത്തരമൊരു കേന്ദ്രീകൃത സംവിധാനം ഇല്ലാത്തതാണു രാജ്യാന്തര വിപണിയിൽ ഇടപെടുന്നതിൽ കേരളത്തിന്റെ തടസ്സം.

സിയാൽ മാതൃകയിൽ ആരംഭിക്കുന്ന കമ്പനിയിൽ മറ്റു വകുപ്പുകളുടെ സഹകരണം ഉണ്ടാകുമെങ്കിലും കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാകും. കർഷകർക്കും ഫാം പ്രൊഡ്യൂസേഴ്സ് കമ്പനികൾക്കും കമ്പനിയിൽ ഓഹരി പങ്കാളിത്തമുണ്ടാകുമെന്നാണു സൂചന. വിദേശത്തെ സംരംഭകർക്കു പങ്കാളിത്തം ഉൾപ്പെടെയുള്ള കാര്യങ്ങൾ മന്ത്രിസഭാ യോഗത്തിൽ മാത്രമേ ധാരണയുണ്ടാകുകയുള്ളൂ. നബാർഡ് സാമ്പത്തിക സഹായം നൽകാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്.

# വ്യവസായങ്ങൾക്ക് ഗ്രീൻ ഹൈഡ്രജൻ നിർബന്ധമാക്കും

**ന്യൂഡൽഹി:** വളം നിർമാണ ഫാക്ടറികൾ, റിഫൈനറികൾ അടക്കമുള്ള വ്യവസായങ്ങൾ നിർബന്ധമായും ഗ്രീൻ ഹൈഡ്രജൻ ഉപയോഗിക്കാൻ വ്യവസ്ഥ വന്നേക്കും. ഇതുസംബന്ധിച്ച ആലോചന നടക്കുന്നതായി കേന്ദ്ര പുനരുപയോഗ ഊർജ സെക്രട്ടറി ഭുപീന്ദർ സിങ് ഭല്ല പറഞ്ഞു. വ്യവസ്ഥകൾ അടിച്ചേൽപിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും കൂടിയാലോചനകൾ വഴിയാകും  നടപ്പാക്കുകയെന്നും അദ്ദേഹം സൂചിപ്പിച്ചു.

കാർബൺ അംശം അടങ്ങാത്തതിനാൽ, മലിനീകരണമുണ്ടാക്കാത്ത പ്രധാന ഇന്ധന സ്രോതസ്സുകളൊന്നായാണ് ഹൈഡ്രജനെ കണക്കാക്കുന്നത്. ഓയിൽ റിഫൈനിങ്, അമോണിയ, മെഥനോൾ, സ്റ്റീൽ ഉൽപാദനം തുടങ്ങി ഒട്ടേറെ മേഖലകളിൽ ഹൈഡ്രജൻ ഇന്ധനമാണ്. ഹൈഡ്രജൻ ഇന്ധനമായ വാഹനങ്ങളും വിപണിയിൽ എത്തിത്തുടങ്ങുകയാണ്.ഹൈഡ്രജൻ ക്ലീൻ ആണെങ്കിലും അത് വേർതിരിക്കുന്ന നിലവിലെ പ്രക്രിയ വൻതോതിൽ കാർബൺ പുറന്തള്ളുന്നതാണ്. ഇത് പരിഹരിക്കാനാണ് ഗ്രീൻ ഹൈഡ്രജൻ. പുനരുപയോഗ ഊർജസ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉപയോഗിച്ച് ഇലക്ട്രോളിസിസ് എന്ന പ്രക്രിയ കൊണ്ട് വെള്ളത്തിൽ നിന്നു വേർതിരിച്ചെടുക്കുന്നതാണ് ഗ്രീൻ ഹൈഡ്രജൻ.

# ബോട്ടിലുകൾക്ക് ഗുണനിലവാര മാനദണ്ഡം നിർബന്ധമാക്കുന്നു

**ന്യൂഡൽഹി:** സ്റ്റീൽ, അലുമിനിയം, കോപ്പർ വാട്ടർ ബോട്ടിലുകൾക്ക് ഗുണനിലവാര മാനദണ്ഡം (ക്വാളിറ്റി കൺട്രോൾ ഓർഡർ ക്യുസിഒ) നിർബന്ധമാക്കുന്നു. വാണിജ്യമന്ത്രാലയം ഇതുസംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിച്ചു. നിലവാരം കുറഞ്ഞ വാട്ടർ ബോട്ടിലുകളുടെ ഇറക്കുമതി തടയാനും ആഭ്യന്തര വിപണിക്ക് ശക്തിപകരാനുമാണിത്.

വൻകിട ഉൽപാദന കമ്പനികൾക്ക് 6 മാസം കഴിയുമ്പോൾ ചട്ടം ബാധകമാകും. ചെറുകിട വ്യവസായങ്ങൾ 9 മാസം കഴിയുമ്പോൾ മുതൽ ഗുണനിലവാര ചട്ടം പാലിച്ചിരിക്കണം. സൂക്ഷ്മ സംരംഭങ്ങൾക്ക് 1 വർഷം സമയം ലഭിക്കും. ക്യുസിഒ അനുസരിച്ച് ബിഐഎസിന്റെ ഗുണനിലവാര മാനദണ്ഡം അനുസരിച്ചായിരിക്കണം ഇനി ബോട്ടിലുകളുടെ നിർമാണം. ഇതുമായി ബന്ധപ്പെട്ട ഗുണനിലവാര മാർക്കും ഉൽപന്നത്തിലുണ്ടാകും. വാട്ടർ ബോട്ടിലുകൾക്കു പുറമേ, ലൈറ്ററുകൾക്കും ക്യുസിഒ ഏർപ്പെടുത്തി.



# കോവളം, പോറോഡ്: സർവീസ് റോഡുകൾക്ക് മുകളിലൂടെ പാലം പരിഗണനയിൽ

**കോവളം:** ബൈപാസിലെ കോവളം പോറോഡ് പാലത്തിനു സമീപത്തെ സഞ്ചാര സൗകര്യമില്ലായ്മയ്ക്കു പരിഹാരമായി സർവീസ് റോഡുകൾക്കു മുകളിലൂടെ ബസ്സുൾപ്പെടെ പോകാൻ പാകത്തിലുള്ള പാലം (വെഹിക്കിൾ ഓവർ പാസ്) പണിയാനുള്ള സാധ്യത നോക്കുന്നു. വശത്തായി നടപ്പാലവും സജ്ജമാക്കും. പാതി വഴിക്കു നിലച്ച സർവീസ് റോഡു പൂർത്തിയാക്കാനും തീരുമാനം. ഡോ. ശശി തരൂർ എംപി ഇന്നലെ സ്ഥലം സന്ദർശിച്ചതിനെ തുടർന്നാണ് നടപടി. പാലം പണി സംബന്ധിച്ച സാങ്കേതിക സാധ്യത ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ദേശീയപാത അതോറിറ്റി പരിശോധിച്ചു അന്തിമ തീരുമാനമെടുക്കും.

ബൈപാസിന്റെ ഈ ഭാഗത്തെ അസൗകര്യങ്ങൾ സംബന്ധിച്ച് പരിഹാര നടപടികളുടെ ഭാഗമായിട്ടായിരുന്നു ഡോ.ശശി തരൂർ ദേശീയ പാത അതോറിറ്റി(എൻഎച്ച്എ) ഉന്നത ഉദ്യോഗസ്ഥ സംഘവുമായി സ്ഥലം സന്ദർശിച്ചത്. പെരുമരം ഭാഗത്തു നിന്നുള്ളവർക്ക് എതിർ ദിശയിലേക്കും തിരിച്ചു പോകാനായി കുറേ ദൂരം ചുറ്റേണ്ട സാഹചര്യവും ബൈപാസ് മുറിച്ചു കടക്കുന്നതിലൂടെയുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനുമായാണ് പുതിയ പാലം നിർദേശം. കോവളം ജംക്ഷനും പോറോടിനും മധ്യേയുള്ള സർവീസ് റോഡിന്റെ ഉയരമേറിയ ഭാഗത്താണ് പാലം പണിയാനുള്ള നിർദേശമുയർന്നിട്ടുള്ളത്.

സ്കൂൾ ബസ്സുകളുൾപ്പെടെ പാത കടന്നു പോകേണ്ടതു മുൻ നിർത്തിയാണ് അത്തരത്തിലുള്ള പാലം നിർമാണ സാധ്യത നോക്കുന്നത്.

പ്രത്യേക സാഹചര്യം കണക്കിലെടുത്ത് നടപ്പാതയോട് കൂടിയ പാലമാകും പരിഗണിക്കുക. പോറോഡു പാലത്തിനു അപ്പുറവും ഇപ്പുറവുമായി നിലച്ച സർവീസ് റോഡു നിർമാണവും പൂർത്തിയാക്കുമെന്ന് ഉദ്യോഗസ്ഥ സംഘം എംപിയോട് പറഞ്ഞു.

രണ്ടു മാസത്തിനുള്ളിൽ ഇതു സംബന്ധിച്ച കാര്യങ്ങൾ പൂർത്തിയാക്കാനാണ് നിർദേശമെന്ന് ബന്ധപ്പെട്ടവർ പറഞ്ഞു.

# സപ്ലൈകോ മാർക്കറ്റുകളിൽ സബ്സിഡി സാധനങ്ങൾക്ക് കടുത്ത ക്ഷാമം

**കടയ്ക്കൽ:** സപ്ലൈകോ മാവേലി സ്റ്റോർ, സൂപ്പർ മാർക്കറ്റ്, ഹൈപ്പർ മാർക്കറ്റുകളിൽ സബ്സിഡി സാധനങ്ങൾ ഇല്ല. പുറത്ത് വൻതുക ഉള്ള മുളക് ഉൾപ്പെടെയാണ് സപ്ലൈകോ സ്റ്റോറുകളിൽ എത്താത്തത്. മുളക്, പച്ചരി, ചെറുപയർ, പഞ്ചസാര, കടല എന്നിവയ്ക്കാണു കടുത്ത ക്ഷാമം. എന്നാൽ വിവിധ കമ്പനികളുടെ സാധനങ്ങൾക്കു കുറവില്ല. എല്ലാ മാസവും ഒന്നു മുതൽ 10 വരെയും 15 മുതൽ 30 വരെയുമാണു തിരക്ക്.




കടയ്ക്കൽ പീപ്പിൾസ് ബസാറിൽ ഉൾപ്പെടെ സ്ഥലങ്ങളിൽ എത്തുന്ന സബ്സിഡി സാധനങ്ങൾ 5 ദിവസത്തേക്കു പോലും തികയാത്ത സ്ഥിതിയാണ്. തിരക്ക് അനുസരിച്ച് സാധനങ്ങൾ വിതരണം ചെയ്യാൻ സപ്ലൈകോയ്ക്കു കഴിയുന്നില്ല. കടയ്ക്കൽ സൂപ്പർമാർക്കറ്റ് പീപ്പിൾസ് ബസാർ ആക്കി ഉയർത്തിയെങ്കിലും ഇലക്ട്രോണിക്സ് സാധനങ്ങളുടെ വിൽപനയില്ല.

പഴം, പച്ചക്കറി, പാൽ ഉൾപ്പെടെ പീപ്പിൾസ് ബസാറിൽ വിൽക്കും എന്നായിരുന്നു പ്രഖ്യാപനം.

സൂപ്പർ മാർക്കറ്റുകൾ പീപ്പിൾസ് ബസാറുകൾ ആക്കി ഉയർത്തിയത് അല്ലാതെ സൂപ്പർ മാർക്കറ്റിലെ സാധനങ്ങൾ പോലും ഹൈപ്പർ മാർക്കറ്റിൽ വിൽപനയ്ക്കില്ല.

സ്കൂൾ തുറക്കുന്ന സമയം സ്കൂൾ മാർക്കറ്റുകൾ എന്ന പേരിൽ കുട്ടികൾക്ക് ആവശ്യമായ സാധനങ്ങൾ വിൽക്കുന്നതിന് നേരത്തെ സൗകര്യം ഒരുക്കിയിരുന്നു. ഇത്തവണ അതും ഉണ്ടായില്ല.

# പ്ലസ് വൺ പ്രവേശനം: കോട്ടയത്ത് 5626 സീറ്റുകളിൽ കുട്ടികളില്ല

**കോട്ടയം:** ജില്ലയിൽ 5626 പ്ലസ് വൺ സീറ്റുകൾ മിച്ചം. വിദ്യാർഥികളുടെ കുറവു കാരണം വിവിധ ഗവ. ഹയർ സെക്കൻഡറി സ്കൂളുകളിൽ നിന്നായി 4 ബാച്ചുകൾ വടക്കൻ ജില്ലകളിലേക്ക് മാറ്റി. ബാച്ചുകളിൽ കുറവ് വരുത്തിയതിനാൽ ചില അധ്യാപകർക്കും സ്ഥലംമാറ്റം ഉണ്ടാകും. കഴിഞ്ഞ വർഷം ജില്ലയിൽ പ്ലസ് വൺ കോഴ്സിന് 5400 സീറ്റുകൾ ഒഴിവ് വന്നിരുന്നു. ജില്ലയിൽ ഇത്തവണ ആകെ 21,958 സീറ്റുകളാണ് ഉണ്ടായിരുന്നത്. സയൻസിനാണ് ഏറ്റവും കൂടുതൽ 13,836. ഇതിൽ 3148 സീറ്റുകളിൽ ആരും പ്രവേശനം നേടിയിട്ടില്ല.

ഹ്യുമാനിറ്റീസിന് 1042 സീറ്റുകളാണു ബാക്കിയായത്. കൊമേഴ്സിന് ആകെയുള്ള 4686 സീറ്റുകളിൽ 1436 സീറ്റുകൾ ബാക്കിയായി. വ്യാഴം ഉച്ച വരെയുള്ള പ്രവേശനം അടിസ്ഥാനമാക്കിയുള്ള ഔദ്യോഗിക കണക്കാണിത്. ഇത്തവണ 18,905 പേരാണു ജില്ലയിൽനിന്ന് ഉപരിപഠനത്തിന് അർഹത നേടിയത്. ജില്ലയിൽ 134 ഹയർ സെക്കൻഡറി സ്കൂളുകളാണുള്ളത്. സയൻസിന് 10 വിഷയങ്ങളിലായി 9 കോംബിനേഷനും കൊമേഴ്സിൽ 9 വിഷയങ്ങളിലായി 4 കോംബിനേഷനും ഹ്യുമാനിറ്റീസിന് 26 വിഷയങ്ങളിലായി 32 കോംബിനേഷനും ലഭിക്കുമെന്നും അധികൃതർ പറഞ്ഞു.

# പുരസ്കാരങ്ങൾ ഉത്തരവാദിത്തവും അഭിമാനവും നൽകുന്നത് : മന്ത്രി

**തിരുവനന്തപുരം:** പുരസ്കാരങ്ങൾ ഒരേസമയം ഉത്തരവാദിത്തവും അഭിമാനവും നൽകുന്നുവെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ. ബിന്ദു പറഞ്ഞു. കേരള സംഗീത നാടക അക്കാദമിയുടെ 2022ലെ പുരസ്കാരസമർപ്പണ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ടു സംസാരിക്കുകയായിരുന്നു മന്ത്രി.

വിദ്വേഷത്തിന്റെയും മത്സരങ്ങളുടെയും ലോകത്ത് മനുഷ്യരെ ഒന്നിപ്പിക്കുന്നതിനാണ് കല യത്നിക്കുന്നത്. മികച്ച കലാകാരന്മാരെ കണ്ടെത്തി അവരെ ആദരിക്കുമ്പോൾ നമ്മളും ആദരിക്കപ്പെടുകയാണ്. കലാകാരന്മാരെക്കുറിച്ചുള്ള വിശദാംശങ്ങൾ ഉൾപ്പെടുന്ന ആർക്കൈവ്സ് ശക്തിപ്രാപിക്കണമെന്നും മന്ത്രി പറഞ്ഞു.

അക്കാദമി പുതുതായി നിർമ്മിച്ച പ്രസിദ്ധീകരണവിഭാഗം ആസ്ഥാനമന്ദിരത്തിന്റെയും അക്കാദമിവളപ്പിലെ പ്ലാവുദ്യാനത്തിന്റെയും ഉദ്ഘാടനവും മന്ത്രി നിർവ്വഹിച്ചു.

അക്കാദമിയുടെ ഫെലോഷിപ്പ് മൂന്നു പേർക്കും അവാർഡ് 17 പേർക്കും ഗുരുപൂജ പുരസ്കാരം 22 പേർക്കും സമർപ്പിച്ചു. ചടങ്ങിൽ അക്കാദമി ചെയർമാൻ മട്ടന്നൂർ ശങ്കരൻകുട്ടി, സെക്രട്ടറി കരിവെള്ളൂർ മുരളി, ടി.ആർ.അജയൻ തുടങ്ങിയവർ പങ്കെടുത്തു.

# അഭിരുചി പരീക്ഷ നടത്തും

**പാലക്കാട്:** ചെമ്പൈ സ്മാരക സർക്കാർ സംഗീത കോളേജിൽ ഒന്നാം വർഷ ബി.എ മ്യൂസിക്, വീണ, വയലിൻ, മൃദംഗം എന്നീ കോഴ്സുകളിൽ അഭിരുചി പരീക്ഷ നടത്തും.

ഓൺലൈനായി അപേക്ഷിച്ച വിദ്യാർത്ഥികൾ ജൂലൈ 11ന് രാവിലെ 9.30 യ്ക്ക് കോളേജിൽ ഹാജരാവണം.പരീക്ഷക്ക് ഹാജരാവുന്ന വിദ്യാർത്ഥികൾ ഓൺലൈൻ രജിസ്ട്രേഷൻ സമയത്തു ലഭിച്ച കോളേജ് കോപ്പിയും ഹാജരാക്കണം. ഫോൺ 9496472832, 04912527437

# തുടരെ മണ്ണിടിച്ചിൽ; ഗ്യാപ് റോഡിൽ പരിശോധനയ്ക്ക് ദേശീയപാത വിഭാഗം

**പൂപ്പാറ:** കൊച്ചി ധനുഷ്കോടി ദേശീയപാതയിലെ ഗ്യാപ് റോഡിൽ വെള്ളിയാഴ്ചയും ഇന്നലെയും മണ്ണിടിച്ചിലുണ്ടായ സാഹചര്യത്തിൽ മലയിടിച്ചിലുണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ പരിശോധന നടത്തി മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ ദേശീയപാത വിഭാഗത്തിന്റെ നീക്കം.

381.76 കോടി രൂപ മുടക്കി പണി പൂർത്തിയാക്കിയശേഷം ടോൾബൂത്ത് ഉൾപ്പെടെ സ്ഥാപിച്ചു പാതയുടെ ഔദ്യോഗിക ഉദ്ഘാടനം നടക്കാനിരിക്കെയാണു മണ്ണിടിച്ചിൽ. 2017 ൽ റോഡ് നിർമാണം ആരംഭിച്ചശേഷം ഇതുവരെ ഗ്യാപ് റോഡിൽ മാത്രം ചെറുതും വലുതുമായി അഞ്ചിലധികം മലയിടിച്ചിലുകളാണുണ്ടായത്.

2019 ഒക്ടോബറിൽ റോഡ് നിർമാണത്തിനിടെയുണ്ടായ മലയിടിച്ചിലിൽ 2 തൊഴിലാളികൾ മരിച്ചു. ഇതിൽ ഒരാളുടെ മൃതദേഹം ഇതുവരെ കണ്ടെത്തിയിട്ടില്ല. ഗ്യാപ് റോഡിൽ മണ്ണിടിച്ചിലിനു കാരണം അശാസ്ത്രീയ ഖനനമാണെന്നു ദേവികുളം സബ് കലക്ടർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

ഗ്യാപ് ഭാഗത്തെ റവന്യു ഭൂമിയിൽ നിന്നു 628223.3 മെട്രിക് ടൺ പാറ അനധികൃതമായി പൊട്ടിച്ച് നീക്കിയതിനാൽ പാറയുടെ വിലയും പിഴയും ചേർത്തു 6,28,22,480 രൂപ റോഡ് കരാർ കമ്പനി സർക്കാരിലേക്ക് അടയ്ക്കണമെന്നു കഴിഞ്ഞ ജനുവരി 16 നു റവന്യു വകുപ്പ് നോട്ടിസ് നൽകി. എന്നാൽ പിഴയടയ്ക്കാൻ തയാറാകാത്ത കമ്പനി ഇതിനെതിരെ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്.



# കുതിരാൻ റോഡിലെ വിള്ളൽ; ഗതാഗതം ഒരു വശത്തുകൂടി മാത്രമാക്കും



**തൃശൂർ:** ദേശീയപാത 544ൽ കുതിരാൻ തുരങ്കത്തിന് സമീപം വഴുക്കുംപാറയിലുണ്ടായ വിള്ളലിന്റെ വ്യാപ്തി വർധിച്ച പശ്ചാത്തലത്തിൽ റോഡിന്റെ ഈ ഭാഗത്തു കൂടിയുള്ള ഗതാഗതം പൂർണമായി നിർത്തിവയ്ക്കാൻ മന്ത്രി കെ രാജൻ നിർദ്ദേശം നൽകി. ജില്ലാ കലക്ടർ വി ആർ കൃഷ്ണതേജ, സിറ്റി പോലിസ് കമ്മീഷണർ അങ്കിത് അശോകൻ തുടങ്ങിയവർക്കൊപ്പം വിള്ളലുണ്ടായ പ്രദേശം സന്ദർശിച്ച ശേഷമാണ് ഇതുമായി ബന്ധപ്പെട്ട് ദേശീയ പാത അതോറിറ്റി അധികൃതർക്ക് മന്ത്രി നിർദ്ദേശം നൽകിയത്.

തൃശൂരിൽ നിന്ന് പാലക്കാട് ഭാഗത്തേക്ക് പോകുന്ന ദേശീയപാതയുടെ ഇടതുവശം മാത്രമായിരിക്കും ഗതാഗതത്തിന് ഉപയോഗിക്കുക. ഇരുവശത്തേക്കുമുള്ള വാഹനങ്ങൾ ഇതുവഴി ഓരോ വരിയായി കടത്തിവിടാനാണ് തീരുമാനം. റോഡിന്റെ വിള്ളലുണ്ടായ ഭാഗത്തുകൂടിയുള്ള ഗതാഗതം ഏകദേശം ഒരു കിലോമീറ്ററോളം പൂർണമായും നിർത്തിവച്ച് ആ ഭാഗത്തിന്റെ പുനർനിർമാണം നടത്തുന്നതിന് വേണ്ടിയാണിത്. ഇന്നു മുതൽ തന്നെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കാനും കരാറുകാർക്ക് മന്ത്രി നിർദ്ദേശം നൽകി. റോഡിലെ വിള്ളലുണ്ടായ ഭാഗം കരാറുകാർ സ്വന്തം ചെലവിൽ പൂർണമായും പൊളിച്ചുമാറ്റിയ ശേഷം പുനർനിർമിക്കാൻ ഇതുമായി ബന്ധപ്പെട്ട് നേരത്തേ ചേർന്ന യോഗത്തിൽ തീരുമാനമായിരുന്നു. റോഡിലെ വിള്ളലിന്റെ വ്യാപ്തി അനുദിനം വർധിച്ചു വരുന്ന സാഹചര്യത്തിൽ എത്രയും വേഗം റോഡ് പുനർനിർമിച്ച് ഗതാഗത യോഗ്യമാക്കാനാണ് കരാറുകാർക്ക് നിർദ്ദേശം നൽകിയിരിക്കുന്നത്. ഇതിന് ദേശീയ പാത അതോറിറ്റിക്ക് പുറമെ, റോഡ് സുരക്ഷാ അതോറിറ്റി, നാറ്റ്പാക്ക്, പാലക്കാട് ഐഐടി ഉൾപ്പെടെയുള്ള ഏജൻസികൾ മേൽനോട്ടം വഹിക്കും.

റോഡ് നിർമാണത്തിന്റെ കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ് കരാർ കമ്പനിക്കാരുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടുള്ളതെന്ന് മന്ത്രി പറഞ്ഞു. റോഡിലെ വിള്ളലിന്റെ വ്യാപ്തി കൂടി വരുന്ന പശ്ചാത്തലത്തിൽ കരാറുകാർക്കെതിരേ ദുരന്ത നിവാരണ നിയമം അനുസരിച്ചുള്ള നടപടിയുടെ ഭാഗമായി നോട്ടീസ് നൽകാൻ ദുരന്തനിവാരണ അതോറിറ്റി ചെയർമാനായ ജില്ലാ കലക്ടർക്ക് മന്ത്രി നിർദ്ദേശം നൽകി.

ജില്ലാ കലക്ടർ വി ആർ കൃഷ്ണ തേജ, സിറ്റി പോലിസ് കമ്മീഷണർ അങ്കിത് അശോകൻ, ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ ആർ രവി, പാണഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് പി പി രവീന്ദ്രൻ, ജില്ലാ പഞ്ചായത്ത് അംഗം കെ വി സജു, സബ് കലക്ടർ മുഹമ്മദ് ഷഫീക്ക്, തഹസിൽദാർ ടി ജയശ്രീ, എൽഎ എൻഎച്ച് ഡെപ്യൂട്ടി കലക്ടർ പി അഖിൽ, എൻഎച്ച്എഐ പ്രൊജക്ട് ഡയരക്ടർ ബിപിൻ മധു തുടങ്ങിയവരും സന്നിഹിതരായിരുന്നു.

# കുടിയേറ്റ സ്മാരക ടൂറിസം വില്ലേജ് നിർമാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിൽ



**ചെറുതോണി:** ഇടുക്കിയിൽ കുടിയേറ്റ സ്മാരക ടൂറിസം വില്ലേജിന്റെ നിർമാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിൽ. ഏതാനും ദിവസത്തെ ജോലികൾ കൂടി പൂർത്തിയായാൽ പദ്ധതി ടൂറിസം വകുപ്പിനു കൈമാറും. ഇടുക്കി ആർച്ച് ഡാമിനു സമീപത്തായി ഉദ്യാന പദ്ധതിയോട് ചേർന്നുള്ള 5 ഏക്കറിലാണ് വില്ലേജിന്റെ നിർമാണം. ഇടുക്കിയിലെ ജനവാസത്തിനു ആയിരത്തോളം വർഷത്തെ പഴക്കം ഉണ്ടെങ്കിലും ആയിരത്തി തൊള്ളായിരത്തി നാൽപതുകളിൽ മധ്യ തിരുവിതാംകൂറിൽ നിന്നും ആരംഭിച്ച കുടിയേറ്റമാണ് സ്മാരക വില്ലേജിൽ ആവിഷ്കരിച്ചിരിക്കുന്നത്.

പാളത്തൊപ്പി അണിഞ്ഞ കർഷകന്റെ രൂപത്തിലാണ് കുടിയേറ്റ സ്മാരക വില്ലേജിന്റെ പ്രവേശന കവാടം. ഇവിടെ നിന്നും കരിങ്കൽ പാളികൾ വിരിച്ച നടപ്പാതയിലൂടെ മുകളിലേക്ക് നടന്നു കയറിയാൽ 7 ഇടങ്ങളിലായി ഇടുക്കിയുടെ ഭൂതകാലം മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. കോൺക്രീറ്റിലും കരിക്കല്ലിലുമാണ് ജീവസ്സുറ്റ പ്രതിമകളും രൂപങ്ങളും നിർമിച്ചിരിക്കുന്നത്. എകെജിയും ഫാദർ വടക്കനുമെല്ലാം ഇക്കൂട്ടത്തിൽ പ്രമുഖ സ്ഥാനം അലങ്കരിക്കുന്നു.

കുടിയേറ്റ ഗ്രാമങ്ങളും, കാർഷിക വൃത്തിയും, മലയോരത്തെ ഉരുൾപൊട്ടലിന്റെ ഭീകരമായ മുഖവുമെല്ലാം ഇതിനു പിന്നാലെയുണ്ട്. ഏറ്റവും മുകളിലായി ആർട്ട് ഗാലറി (കുടിയേറ്റ സ്മാരക മ്യൂസിയം) ആണ്.

ഹൈറേഞ്ചിലേക്കുള്ള കുടിയേറ്റത്തിന്റെ ചരിത്ര സ്മൃതികൾ നിറഞ്ഞു നിൽക്കുന്നതാണ് ഇവിടം. ലോകത്ത് കുടിയേറ്റങ്ങൾ നടന്നിടത്തെല്ലാം നിർമിച്ചിട്ടുള്ള സ്മാരകങ്ങളുടെ മാതൃകകൾ കൂടി സ്വീകരിച്ചാണ് ഇടുക്കിയുടെ കുടിയേറ്റ സ്മാരകം രൂപകൽപന ചെയ്തിട്ടുള്ളതെന്ന് ടൂറിസം വകുപ്പ് അധികൃതർ പറഞ്ഞു. അവസാന ഘട്ട മിനുക്കുപണികൾ കൂടി പൂർത്തിയായാൽ പദ്ധതി ഈ മാസം തന്നെ ഉദ്ഘാടനം ചെയ്യാനാകും.

10 കോടി രൂപയുടെ പദ്ധതിക്ക് സംസ്ഥാന ടൂറിസം വകുപ്പ് 2019 ൽ ആണ് അനുമതി നൽകിയത്. ഒന്നാം ഘട്ടമായി അനുവദിച്ച 3 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങളാണ് ഇപ്പോൾ പൂർത്തിയായത്.

## അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈറ്റിംഗ് ഡിസൈൻ പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു.പത്താം ക്ലാസ്സ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കമ്പ്യൂട്ടർ നിയന്ത്രിത സ്റ്റേജ് ലൈറ്റിംഗ്, ഇന്റീരിയർ ലൈറ്റിംഗ്, ടെലിവിഷൻ പ്രൊഡക്ഷൻ ലൈറ്റിംഗ്, ആംബിയൻസ് ലൈറ്റിംഗ്, ആർക്കിടെക്ചറൽ ലൈറ്റിംഗ്, ലൈറ്റിംഗ് ടെക്നിക്കുകളും അത്യാധുനിക ലൈറ്റിംഗ് കൺസോൾ എന്നിവയിലാണ് പരിശീലനം.

ആറുമാസം ദൈർഘ്യമുള്ള പ്രോഗ്രാമിന്റെ തിയറി പ്രാക്ടിക്കൽ ക്ലാസ്സുകൾ തിരുവനന്തപുരം കാമിയോ ലൈറ്റ് അക്കാദമിയുടെ നേതൃത്വത്തിലാണ് നടത്തുന്നത്. അവസാനതിയതി ജൂലൈ 31. ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് https://apps.rccc.in/register wwws.rccc.in- വിശദവിവരങ്ങൾ തിരുവനന്തപുരം നന്ദാവനത്തുള്ള എസ്.ആർ.സി ഓഫീസുമായി ബന്ധപ്പെടുക .ഫോൺ : 04712325101, 8281114464.

## വാക്ക് ഇൻ ഇന്റർവ്യൂ

**ഇടുക്കി:** പട്ടികജാതി വകുപ്പിന് കിഴിൽ ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്ന ആറ് പ്രീമെട്രിക് ഹോസ്റ്റലുകളിൽ 202324 അധ്യായന വർഷം രാത്രികാല പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിന് റെസിഡന്റ് ട്യൂട്ടർ നിയമനത്തിന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. ബിരുദവും ബി എഡുമാണ് യോഗ്യത.

താൽപര്യമുള്ള ഉദ്യോഗാർഥികൾ ജൂലൈ 11 ചൊവ്വാഴ്ച രാവിലെ 11 ന് ഇടുക്കി ജില്ലാ കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നടത്തുന്ന വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം. നിയമനം താൽകാലികമായിരിക്കും. ഉദ്യോഗാർഥികൾ വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ, ബയോഡേറ്റ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, അവയുടെ പകർപ്പുകൾ എന്നിവ സഹിതം ഹാജരാകണം.

ഒഴിവുകളുടെ എണ്ണം 6 (പുരുഷൻ2,സ്ത്രീ4 ). പ്രതിമാസ വേതനം 12,000 രൂപയായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04862296297.

## പാനൽ രൂപീകരിക്കുന്നു

**കൊല്ലം:** ഭൂമിയേറ്റെടുക്കലിന്റെ പ്രാരംഭ നടപടിയായ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് ജില്ലാതല സോഷ്യൽ ഇമ്പാക്ട് അസസ്മെന്റ് ഏജൻസികളുടെ പ്രത്യേക പാനൽ രൂപീകരിക്കുന്നതിന് അംഗീകൃത ഏജൻസികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. യോഗ്യത, പ്രവർത്തി പരിചയ രേഖകൾ എന്നിവ സഹിതം വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ ജൂലൈ 20നകം ജില്ലാ കലക്ടർക്ക് സമർപ്പിക്കണം. കവറിനു പുറത്ത് 'ഭൂമി ഏറ്റെടുക്കൽ സാമൂഹിക പ്രത്യാഘാത പഠന ഏജൻസികളെ തിരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷ' എന്ന് രേഖപ്പെടുത്തണം.

## ഐ ടി ഐ പ്രവേശനം

**കൊല്ലം:** മനയിൽകുളങ്ങര സർക്കാർ വനിത് ഐ ടി ഐയിൽ പ്രവേശനത്തിന് ജൂലായ് 15 വരെ അപേക്ഷിക്കാം. ഉയർന്ന പ്രായപരിധിയില്ല. അപേക്ഷ സമർപ്പിച്ച് സമീപത്തെ ഐ ടി ഐയിലെത്തി സർട്ടിഫിക്കറ്റ് പരിശോധന ജൂലൈ 18 നകം പൂർത്തിയാക്കണം. ഫോൺ: 0474 2793714.




# ട്രെയിനുകളുടെ വേഗം കൂട്ടൽ: അതിവേഗ പദ്ധതികളുമായി റെയിൽവേ

**ഷൊർണൂർ:** 2024 ഓഗസ്റ്റ് 15 മുതൽ കേരളത്തിലെ ട്രെയിനുകളുടെ വേഗം മണിക്കൂറിൽ 130 കിലോമീറ്ററാക്കാനുള്ള തീരുമാനം നടപ്പാക്കാൻ അതിവേഗ പദ്ധതികളുമായി റെയിൽവേ. മലബാറിലെ ട്രെയിനുകളുടെ വേഗക്കുറവിനു കാരണമായ വളവുകൾ നിവർത്തുന്നതിന് റെയിൽവേ ടെൻഡർ നടപടികൾ തുടങ്ങി. 33.205 കോടി രൂപയുടെ പദ്ധതിയാണു വരുന്നത്. ഷൊർണൂർ മംഗളൂരു പാതയിൽ 288 വളവുകളാണു നിവർത്തേണ്ടത്. ട്രെയിനുകളുടെ വേഗം 130 കിലോമീറ്ററായി വർധിപ്പിക്കാൻ വളവ് നിവർത്തലോടെ സാധ്യമാകുമെന്നാണു കണക്കുകൂട്ടൽ. ഷൊർണൂർ കോഴിക്കോട് 81, കോഴിക്കോട് കണ്ണൂർ 84, കണ്ണൂർ കാസർകോട് 85, കാസർകോട് മംഗളൂരു 38 എന്നിങ്ങനെയാണ് നിവർത്തേണ്ട വളവുകളുടെ എണ്ണം.

ഒരു വർഷംകൊണ്ട് പണി പൂർത്തിയാക്കും. ഇതിനായി പ്രത്യേക സ്ഥലം ഏറ്റെടുക്കേണ്ടിവരില്ലെന്നാണു വിലയിരുത്തൽ. ഷൊർണൂർ മംഗളൂരു റൂട്ടിൽ 310 കിലോമീറ്ററാണു ദൂരം. നിലവിൽ 5.49 മണിക്കൂറാണ് കുറഞ്ഞ യാത്രാസമയം. എന്നാൽ ഏറനാട് എക്സ്പ്രസ് അടക്കം ചില ട്രെയിനുകൾ 7 മണിക്കൂറിനടുത്ത് സമയമെടുക്കുന്നുണ്ട്. വേഗം കൂട്ടിയാൽ ഇത് കുറയ്ക്കാനാകും. വന്ദേഭാരത് ട്രെയിനുകളുടെ കാര്യത്തിലാണെങ്കിൽ നിലവിലുള്ളതിന്റെ പകുതി സമയം മതിയാകുമെന്നാണ് റെയിൽവേയുടെ നിഗമനം. അങ്ങനെ വന്നാൽ തിരുവനന്തപുരം കാസർകോട് വന്ദേഭാരത് മംഗളൂരു വരെ നീട്ടാനും സാധിക്കും. കേരളത്തിൽ 2 പുതിയ സ്റ്റോപ്പുകളും വരും. ഇത് ചെങ്ങണൂരും തിരൂരും ആകാനാണു സാധ്യത.

# നെല്ലിന്റെ വില കൊടുക്കാതെ കർഷകരെ വട്ടംകറക്കി സർക്കാരും സപ്ലൈകോയും

**പാലക്കാട്:** നെല്ലറയിൽ നെല്ലിന്റെ വില കിട്ടാതായതോടെ കർഷകർ ഒന്നാംവിള കൃഷിയിറക്കുന്നതു കടമെടുത്ത്. ഒരേക്കർ പാടം നടാൻ തുടക്കത്തിൽ തന്നെ ചുരുങ്ങിയതു 10,000 രൂപയെങ്കിലും വേണം. ഈ തുകപോലും കണ്ടെത്താൻ സാധിക്കാത്തതിനാൽ നൂറു കണക്കിനു കർഷകർ നിത്യേന കടക്കാരാവുകയാണ്. ചിലർ പലിശക്കാരിൽ നിന്നാണു തുക കടമെടുക്കുന്നത്. ചിലർ സ്വർണം പണയം വച്ചും മറ്റും വായ്പയെടുക്കുന്നു.



പാടശേഖര സമിതികളിലെ കർഷകർ പരസ്പരം സഹായിച്ചും പിടിച്ചുനിൽക്കാൻ ശ്രമിക്കുന്നുണ്ട്. ജില്ലയിൽ 40,000 കർഷകരാണ് ഈ വിധത്തിൽ കടമെടുത്തും മറ്റും ഒന്നാംവിള കൃഷിയിറക്കാൻ പാടുപെടുന്നത്. സപ്ലൈകോയുടെ ഔദ്യോഗിക കണക്കു പ്രകാരം 38,151 കർഷകർക്ക് നെല്ലു സംഭരിച്ചതിന് ഒരു രൂപ പോലും നൽകിയിട്ടില്ല. ഇത്രയും കർഷകർക്ക് കഴിഞ്ഞ 6 മാസത്തിലധികമായി ഒരു വിധത്തിലും വരുമാനം ഇല്ല. കഴിഞ്ഞ ഒന്നാംവിളയ്ക്കു ലഭിച്ച നെല്ലിന്റെ സംഭരണ വിലയാണ് ഇവർക്ക് ആകെ ലഭിച്ച തുക.

മഴ പെയ്തതോടെ എല്ലായിടത്തും ഒന്നാംവിള കൃഷിയിറക്കം തകൃതിയിലാണ്. ഒരേക്കർ നടാ!ൻ മാത്രം 5000 രൂപ നൽകണം പാടം പൂട്ടി നിരത്താൻ 3000 രൂപ വേണം. വരമ്പിടൽ ഉൾപ്പെടെ ഇതര അടിസ്ഥാന പ്രവൃത്തികൾക്ക് ചുരുങ്ങിയത് 2000 രൂപ വേണം.

അടിവളം ഇടണം, കളനാശിനി തളിക്കണം. ഇതെല്ലാം ചെയ്യാൻ പണം വേണം.

നെല്ലിന്റെ സംഭരണ വിലയായി ഓരോരുത്തർക്കും സപ്ലൈകോയിൽ നിന്ന് ആയിരക്കണക്കിനു രൂപ കിട്ടാനുണ്ട്. ഇതു 5 മാസത്തോളമായി കുടിശികയാണ്.

പലിശയും ലഭിക്കില്ല. അതേസമയം കൃഷിയിറക്കാൻ കർഷകൻ എടുക്കുന്ന ഓരോ രൂപയ്ക്കും പലിശ നൽകണം. നെല്ലിന്റെ വില നൽകാൻ ഇനിയും 400 കോടി രൂപ വേണം. ഈ തുക ഇതുവരെ കണ്ടെത്തിയിട്ടില്ല.



## പൊരിങ്ങൽകുത്ത് ഡാം: സുരക്ഷ മുന്നൊരുക്കങ്ങൾ വിലയിരുത്തി

**ചാലക്കുടി:** പൊരിങ്ങൽകുത്ത് ഡാം തുറക്കുന്നതുമായി ബന്ധപ്പെട്ട് അടിയന്തരമായി സ്വീകരിക്കേണ്ട നടപടികളും മുൻകരുതലുകളും ജില്ലാ കലക്ടർ വി. ആർ കൃഷ്ണതേജയുടെ നേതൃത്വത്തിൽ വിലയിരുത്തി. മഴയുടെ തോത് കൂടി പൊരിങ്ങൽകുത്ത് ഡാമിൽ റെഡ് അലേർട്ട് പ്രഖ്യാപിക്കേണ്ട സാഹചര്യമുണ്ടായാൽ സ്വീകരിക്കേണ്ട സുരക്ഷ മുൻകരുതലുകൾ യോഗത്തിൽ വിലയിരുത്തി.

ചാലക്കുടി മേഖലയിലെ അപകടകരമായ മരങ്ങൾ മുറിച്ച് നീക്കാനുള്ള നടപടിയുണ്ടാകണമെന്നും വെള്ളം കയറിയ സ്ഥലങ്ങൾ കാണാനെത്തുന്ന സന്ദർശകരെ നിയന്ത്രിക്കണമെന്നും ടി ജെ സനീഷ് കുമാർ ജോസഫ് എംഎൽഎ വീഡിയോ കോൺഫറൻസ് വഴി യോഗത്തിൽ ആവശ്യപ്പെട്ടു.

ചാലക്കുടി മേഖലയിൽ വെള്ളം കയറിയ ഇടങ്ങളിലെ സന്ദർശകരെ നിയന്ത്രിക്കാൻ പൊലീസിന്റെ പട്രോളിംഗ് ശക്തമാക്കാനും അപകടകരമായ മരങ്ങൾ ഡി എഫ് ഒയോട് മുറിച്ച് നീക്കാനും കലക്ടർ നിർദേശം നൽകി.

നാശനഷ്ടങ്ങൾ പഞ്ചായത്ത് തലത്തിൽ കണക്കെടുത്ത് തുടർ നടപടികൾ സ്വീകരിക്കുമെന്നും യോഗത്തിൽ കലക്ടർ പറഞ്ഞു.

ചാലക്കുടിയിൽ ദുരന്തനിവാരണത്തിനായി ഒരു ടീമിനെ സജ്ജമാക്കിയിട്ടുണ്ട്. വാഴച്ചാൽ മലക്കപ്പാറ എന്നിവിടങ്ങളിൽ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തും. വാഴച്ചാലിൽ ഫയർഫോഴ്സിന്റെ ഒരു ടീമിനെ അടിയന്തിരമായി എത്തിക്കുമെന്നും യോഗത്തിൽ കലക്ടർ പറഞ്ഞു.

പൊരിങ്ങൽകുത്ത് ഡാം തുറക്കുമ്പോൾ വെള്ളം ഒഴുകിപ്പോകുന്ന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ പ്രതിനിധികളും ചാലക്കുടി ഭാഗത്ത് വെള്ളം കയറുന്നതിന് സാധ്യതയുള്ള പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളും ഡെപ്യൂട്ടി കളക്ടർ ഡോ.എം സി റെജിൽ (ദുരന്ത നിവാരണം), അസിസ്റ്റന്റ് കളക്ടർ കാർത്തിക് പാണിഗ്രഹി, ജനപ്രതിനിധികൾ, വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.

## മഴക്കെടുതി: മൃഗസംരക്ഷണ വകുപ്പ് അടിയന്തര നടപടികൾ ആരംഭിച്ചു

**തൃശൂർ:** മഴക്കാലക്കെടുതികളെ നേരിടാൻ ജില്ലാമൃഗസംരക്ഷണ വകുപ്പ് അടിയന്തര നടപടികൾ ആരംഭിച്ചു. കർഷകർക്ക് ഏത് സഹായത്തിനും ബന്ധപ്പെടുന്നതിന് കൺട്രോൾ റൂമുകൾ തുറന്നു. നിലവിൽ ജില്ലയിൽ നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. ജില്ലയിൽ ഭയപ്പെടേണ്ട സാഹചര്യങ്ങളില്ലെന്നും മൃഗസംരക്ഷണ വകുപ്പ് അറിയിച്ചു.

രാത്രിയും വെറ്ററിനറി ഡോക്ടർമാരുടെ സേവനം ഉറപ്പാക്കി. കാലികളെ മാറ്റി പാർപ്പിക്കേണ്ട സാഹചര്യമുണ്ടായാൽ തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന്

നടപ്പിലാക്കും. പഴയന്നൂർ, മതിലകം ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ സൗകര്യം ഒരുക്കി.

പാടത്ത് കൃഷി ചെയ്യുന്നവർ, കൈതച്ചക്ക, കരിമ്പ് കർഷകർ, വെറ്ററിനറി ഉദ്യോഗസ്ഥർ, അറവുശാല നടത്തിപ്പുകാർ ശുചീകരണ തൊഴിലാളികൾ എന്നിവർക്ക് എലിപ്പനി പടരാൻ സാദ്ധ്യതയുള്ളതിനാൽ കർഷകർക്ക് നാല് മേഖലകളിലായി ബോധവത്കരണം നൽകും.

അടിയന്തിര മൃഗചികിത്സക്ക് 1962 എന്ന നമ്പറിൽ ബന്ധപ്പെടാം.

തൊഴുത്തും പരിസരവും ശുചിയായി സൂക്ഷിക്കണം. തണുപ്പിനെ അതിജീവിക്കാൻ ഊർജം കൂടുതലുള്ള തീറ്റകൾ നൽകണം. ഈച്ച, കൊതുക്, പട്ടുണ്ണി എന്നിവയെ നിയന്ത്രിക്കാൻ കർപ്പൂരം, കുന്തിരിക്കം, തുമ്പ എന്നിവ പുകയ്ക്കാം. തീറ്റ സാധനങ്ങൾ ഈർപ്പം തട്ടാതെ സൂക്ഷിക്കണം. ചെറിയ മുറിവുകൾക്കടക്കം ആവശ്യമായ ചികിത്സ നൽകണം. കറവയ്ക്ക് ശേഷം പോവിഡോൺ അയഡിൻ ലായനി ഉപയോഗിച്ച് കാമ്പുകൾ മുക്കുന്നത് അകിട് വീക്കം തടയാൻ സാധിക്കും.

കൺട്രോൾ റൂം നമ്പറുകൾ: 0487 2424223, 9447071427.

## ലൈറ്റിംഗ് ഡിസൈൻ പ്രോഗ്രാമിന് അപേക്ഷിക്കാം

**കോഴിക്കോട്:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2023 ജൂലൈ സെഷനിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈറ്റിംഗ് ഡിസൈൻ പ്രോഗ്രാമിന് ജൂലൈ 31 വരെ അപേക്ഷിക്കാം.

പത്താം ക്ലാസ്സ് ആണ് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത. ആറുമാസം ദൈർഘ്യമുള്ള പ്രോഗ്രാമിന്റെ തിയറി, പ്രാക്ടിക്കൽ ക്ലാസ്സുകൾ തിരുവനന്തപുരം കാമിയോ ലൈറ്റ് അക്കാദമിയുടെ നേതൃത്വത്തിലാണ് നടത്തുന്നത്.

അപേക്ഷകൾ പഠന കേന്ദ്രം വഴിയും https://apps.rccc.in/register എന്ന ലിങ്കിലൂടെ ഓൺലൈനായും സമർപ്പിക്കാം. അപേക്ഷ നൽകേണ്ട അവസാന തിയ്യതി : ജൂലൈ 31. വിശദവിവരങ്ങൾക്ക് : wwws.rccc.in, ഫോൺ : 04712325101, 8281114464.

## വിവിധ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന പട്ടികവർഗ വികസന വകുപ്പിന്റെ സഹകരണത്തോടെ മലമ്പുഴയിൽ പ്രവർത്തിക്കുന്ന ഗിരിവികാസിൽ വിവിധ ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

കെമിസ്ട്രി, ബിയോളജി, മാത് സ് , കമ്പ്യൂട്ടർ സയൻസ്, ഇംഗ്ലീഷ്, ജ്യോഗ്രഫി, പൊളിറ്റിക്സ്, കോമേഴ്സ് വിഷയങ്ങളിൽ ബിരുദാനന്ത ബിരുദവും ബി എഡുമാണ് യോഗ്യത. അധ്യാപനത്തിൽ മുൻ പരിചയമുള്ളവർക്ക് മുൻഗണന ലഭിക്കും. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വാർഡൻ നിയമനത്തിനുള്ള യോഗ്യത ബിരുദമാണ്.

താമസിക്കാൻ താത്പര്യമുള്ളവർക്കും പട്ടികവർഗക്കാർക്കും മുൻഗണ ലഭിക്കും. പ്രായപരിധി : 50 വയസ്സ്. താത്പര്യമുള്ളവർ ബയോഡാറ്റയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം ജൂലായ് 17 നു മുൻപ് nykpalakkad2020@gmail.com എന്ന ഇ മെയിൽ അഡ്രസ്സിൽ അയക്കണമെന്ന് പ്രൊജക്റ്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് : 6282296002



# നേന്ത്രക്കായ കിലോയ്ക്ക് 30 രൂപ സർക്കാർ തറവില, വയനാടൻ കായയ്ക്ക് 24 രൂപയും

**കൽപറ്റ:** സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പദ്ധതികളൊന്നും ജില്ലയിലെ കർഷകർക്കും കഷി മേഖലയ്ക്കും ഗുണകരമായില്ല. തറവില നിശ്ചയിക്കലിന്റേയും കാപ്പി സംഭരണത്തിന്റേയും കാര്യമായ പ്രയോജനം ജില്ലയിലെ കർഷകർക്ക് ലഭ്യമാക്കിയില്ല. തറവില നിശ്ചയിച്ച് സംസ്ഥാനത്ത് 16 ഇനം വിളകൾ സംഭരിക്കുമെന്നായിരുന്നു 3 വർഷം മുൻപ് സർക്കാർ പ്രഖ്യാപിച്ചിരുന്നത്. ഇതിൽ പ്രധാനമായി ജില്ലയിൽ ഉൽപാദിപ്പിക്കുന്നത് നേന്ത്രക്കായ മാത്രമാണ്. കിലോയ്ക്ക് 30 രൂപ സർക്കാർ തറവില നിശ്ചയിച്ചപ്പോൾ വയനാടൻ കായയ്ക്ക് നിശ്ചയിച്ചത് 24 രൂപയായിരുന്നു.

ഇപ്പോൾ നേന്ത്രക്കായ കിലോയ്ക്ക് വിപണിയിൽ കിലോയ്ക്ക് 36 രൂപ ലഭിക്കുന്നുണ്ട്. ഈ അവസ്ഥയിൽ സർക്കാർ സംഭരണ ഏജൻസിയിൽ ആരും നേത്രക്കായ് കൊടുക്കുന്നില്ലെന്നാണ് വിവരം. കർഷകർക്ക് വിളവെടുപ്പാവുമ്പോഴേക്ക് ഒരു വാഴയ്ക്ക് ശരാശരി 200 മുതൽ 250 രൂപ വരെ ചെലവാകും. വയനാടൻ കായയ്ക്ക് 30 രൂപയെങ്കിലും തറവില ലഭിച്ചാലേ കർഷകർക്ക് ചെറുതായെങ്കിലും മെച്ചം ലഭിക്കൂ. രാസവളങ്ങളുടെ വിലയും കൂലി ചെലവും കൂടിയ സാഹചര്യത്തിൽ ഈ വില എങ്കിലും ലഭിച്ചില്ലെങ്കിൽ വാഴ കൃഷിക്കാരുടെ സ്ഥിതി ദയനീയമാവും. ഇതര സംസ്ഥാനങ്ങളിൽ കൃഷി ചെലവ് കുറവും മെച്ചപ്പെട്ട ഉൽപാദനവുമാണ് നേന്ത്രവാഴയ്ക്ക്.

തറവില നിശ്ചയിച്ച വിളകളിൽ പിന്നീട് കൂടുതൽ ജില്ലയിൽ കൃഷി ചെയ്യുന്നത് മരച്ചീനി ആണ്. കാബേജ്, വള്ളിപ്പയർ, പാവൽ, പടവലം എന്നിവ ജില്ലയിൽ ചില പ്രദേശങ്ങളിലും മത്തൻ, കുമ്പളം എന്നിവ നാമമാത്രവുമാണ്. സംസ്ഥാന സർക്കാർ ബജറ്റുകളിൽ പ്രഖ്യാപിച്ച കാപ്പി സംഭരണവും ജില്ലയിൽ കാര്യമായി നടന്നില്ല. 2022ൽ മൊത്തം ഉൽപാദനത്തിന്റെ 0.4% കാപ്പി മാത്രമാണ് കൃഷി വകുപ്പ് സംഭരിച്ചത്. ഔദ്യോഗിക കണക്ക് പ്രകാരം ജില്ലയിലെ കാപ്പി ഉൽപാദനം 1.05 ലക്ഷം ടൺ ആണ്.

വയനാട് പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ ചെറുകിട നാമമാത്ര കർഷകരിൽ നിന്ന് വിപണി വിലയെക്കാൾ കിലോയ്ക്ക് 10 രൂപ അധികം നൽകി 455 ടൺ കാപ്പി മാത്രമായിരിക്കും ഈ മാനദണ്ഡ പ്രകാരം സംഭരിച്ചിരിക്കുക. ബത്തേരി അമ്മായിപ്പാലത്തെ കാർഷിക മൊത്ത വ്യാപാര വിപണി വഴിയാണ് 3 ഏജൻസികൾ വഴി കർഷകരിൽ നിന്ന് കാപ്പി സംഭരിച്ചത്.

ഒരു കർഷകനിൽ നിന്ന് 250 കിലോ വീതം ജില്ലയിലെ 26 തദ്ദേശ സ്ഥാപനങ്ങളിൽ ഓരോന്നിൽ നിന്നും 17.5 ടൺ വീതമാണ് കാപ്പി സംഭരിക്കുക. അതായത് ഒരു പഞ്ചായത്തിൽ നിന്നോ നഗരസഭയിൽ നിന്നോ 70 കർഷകരിൽ നിന്ന് സംഭരിക്കുമ്പോഴേയ്ക്കും സംഭരണ ലക്ഷ്യം തികയും. ബാക്കി കാപ്പി അവർക്ക് പൊതു വിപണിയിൽ വിൽക്കേണ്ടിയും വരും.

രോഗബാധ ഇല്ലാത്തതും ജലാംശം 11% മാത്രമുള്ളതുമായ കാപ്പി കർഷകർ സ്വന്തം ചെലവിൽ സംഭരണ കേന്ദ്രങ്ങളിൽ എത്തിക്കുകയും വേണം. പൊതു വിപണിയിൽ വിൽപന നടത്തുന്ന കാപ്പിക്ക് ജലാംശം 13% വരെ സ്വീകാര്യമാണ്. കർഷകർ സംഭരണ കേന്ദ്രങ്ങളിൽ കാപ്പി എത്തിക്കുമ്പോൾ വാഹന വാടക അടക്കം കിലോയ്ക്ക് 4 രൂപയെങ്കിലും ചെലവാകും. കൂടാതെ സമയ നഷ്ടവും ഉണ്ടാവും. 50,000 കർഷകർ 1.30 ലക്ഷം ഏക്കറിൽ കാപ്പി കൃഷി ചെയ്യുന്ന ജില്ലയിൽ മാനദണ്ഡ പ്രകാരം 1820 കർഷകരുടെ കാപ്പിയാണ് ഏജൻസികൾ ഈ രീതിയിൽ സംഭരിച്ചിട്ടുണ്ടാകുക. ഈ വർഷം ഇതും നടന്നില്ലെന്നാണ് അറിവ്.



## ചാവക്കാട് കോടതി സമുച്ചയത്തിന് ഈ മാസം തറക്കല്ലിടും

**ഗുരുവായൂർ:** നിയോജക മണ്ഡലത്തിലെ ചാവക്കാട് കോടതി സമുച്ചയത്തിന് ഈ മാസം തറക്കല്ലിടും. എൻ കെ അക്ബർ എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന ഗുരുവായൂർ നിയോജകമണ്ഡലം പൊതുമരാമത്ത് അവലോകനയോഗത്തിലാണ് തീരുമാനം.

ചിങ്ങനാട്ട് കടവ് പാലം, കുണ്ടുകടവ് പാലം നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്താൻ പ്രത്യേക റിവ്യൂ മീറ്റിങ്ങ് നടത്താനും യോഗത്തിൽ തീരുമാനിച്ചു. കറുകമാട് പാലത്തിന്റെ തകർന്ന കൈവരി അടിയന്തിരമായി പുനർ നിർമ്മിക്കാൻ എംഎൽഎ നിർദ്ദേശം നൽകി. തീരദേശ ഹൈവ നിർമ്മാണ പ്രവർത്തനത്തിന്റെ ഇൻസ്പെക്ഷൻ മഴ നോക്കാതെ അടിയന്തിരമായി നടത്തണമെന്ന് എംഎൽഎ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. രാമു കാര്യാട്ട് സ്മാര മന്ദിരം കാലതാമസം കൂടാതെ പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുണമെന്നും എംഎൽഎ നിർദ്ദേശം നൽകി.

നാട്ടിക ഫർക്ക കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിന് പ്രത്യേക യോഗം വിളിക്കാനും തീരുമാനിച്ചു. ഗുരുവായൂർ കെ എസ് ആർടിസി കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഡ്രോയിങ്ങ് തയ്യാറാക്കി നിർമ്മാണം ഉടൻ ആരംഭിക്കണമെന്ന് എം എൽ എ ആവശ്യപ്പെട്ടു.

ചാവക്കാട് പിഡബ്ല്യുഡി ഗസ്റ്റ് ഹൗസിൽ ചേർന്ന യോഗത്തിൽ പൊതുമരാമത്ത് (റോഡ്) എക്സി.എഞ്ചിനീയർ എസ് ഹരീഷ്, (ബിൽഡിങ്ങ്സ്) അസി.എക്സി.എഞ്ചിനീയർ കെ വി മാലിനി), വാട്ടർ അതോറിറ്റി അസി.എക്സി.എഞ്ചിനീയർ നീലിമ, ഇറിഗേഷൻ എക്സി.എഞ്ചിനീയർ മോഹനൻ ,വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# തുറമുഖ വകുപ്പിന്റെ മെല്ലെപ്പോക്ക്; ജല ടൂറിസം പ്രതിസന്ധിയിൽ

**കണ്ണൂർ:** വടക്കേ മലബാറിൽ ജല ടൂറിസത്തിന്റെ അനന്ത സാധ്യത മുന്നിൽക്കണ്ട് വൻതുക നിക്ഷേപിച്ച സംരംഭകർ പ്രതിസന്ധിയിൽ. മലനാട് റിവർ ക്രൂസ് പദ്ധതിയുടെ ഭാഗമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ മുൻകയ്യെടുത്ത് ബോട്ട് ജെട്ടികൾ സജ്ജമാക്കിയെങ്കിലും സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ സഞ്ചാരികൾക്കും സംരംഭകർക്കും സാധിക്കാത്ത സ്ഥിതിയാണ്. ഇരുപതോളം ഹൗസ്ബോട്ടുകളാണ് നിർമാണം പൂർത്തിയാക്കി നീറ്റിലിറക്കാൻ അനുമതി കാത്തുകിടക്കുന്നത്. സർവേ നടക്കാത്തതാണ് തടസ്സം. ലക്ഷക്കണക്കിനു രൂപ വായ്പയെടുത്തും സൊസൈറ്റി രൂപീകരിച്ച് ഓഹരി സമാഹരിച്ചുമാണ് മിക്ക ബോട്ടുകളുടെയും നിർമാണത്തിനുള്ള തുക കണ്ടെത്തിയത്. മാസങ്ങളോളം നീറ്റിലിറക്കാൻ സാധിക്കാതെ കിടക്കുന്നത് ഇവരെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്കാണ് നയിക്കുന്നത്.

ഉൾനാടൻ ജലയാനങ്ങളുടെ സർവേ നടത്തേണ്ടതും റജിസ്ട്രേഷൻ നൽകേണ്ടതും മാരിടൈം ബോർഡാണ്. സംസ്ഥാനത്തെ മുഴുവൻ ബോട്ടുകളും റജിസ്റ്റർ ചെയ്യുന്നത് ആലപ്പുഴയിലെ പോർട്ട് ഓഫിസറാണ്. ജില്ലാ തലത്തിൽ റജിസ്റ്ററുകളോ ചുമതലപ്പെട്ട ഉദ്യോഗസ്ഥരോ ഇല്ല. ബോട്ട് സുരക്ഷിതമാണോയെന്നു പരിശോധിക്കാൻ രണ്ട് ചീഫ് സർവേയർമാർ മാത്രമാണ് സംസ്ഥാനത്ത് ആകെ ഉണ്ടായിരുന്നത്. തിരുവനന്തപുരം മുതൽ ആലപ്പുഴ വരെ ഒരു സർവേയറുടെയും എറണാകുളം മുതൽ കാസർകോട് വരെ രണ്ടാമത്തെ സർവേയറുടെയും ചുമതലയിലാണ്. ഇതിൽ മലബാർ മേഖലയുടെ ചുമതലയുള്ള സർവേയർ താനൂർ ബോട്ട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ അന്വേഷണം നേരിടുകയാണ്. ഇതോടെയാണ് പ്രതിസന്ധി രൂക്ഷമായത്.

അഞ്ചു വർഷത്തേക്കാണു ബോട്ടുകൾക്കു മാരിടൈം ബോർഡ് റജിസ്ട്രേഷൻ നൽകാറ്. ഓരോ വർഷവും സുരക്ഷാ സർവേയുമുണ്ടാകും. നേരത്തേ റജിസ്ട്രേഷൻ ലഭിച്ച യാനങ്ങളുടെ സുരക്ഷാ സർവേ നടത്താനും സർവേയർ എത്തുന്നില്ല. ഇതോടെ ഈ യാനങ്ങളും നീറ്റിലിറക്കാൻ സാധിക്കാത്ത സ്ഥിതിയാണ്. സർവീസ് മുടങ്ങിയതോടെ തൊഴിലാളികളും ദുരിതത്തിലായി.

## ഏതു സാഹചര്യവും നേരിടാൻ ആലപ്പുഴ സജ്ജം മന്ത്രി: പി. പ്രസാദ്



**ആലപ്പുഴ:** കാലവർഷം ശക്തിപ്രാപിച്ചതോടെ ജലനിരപ്പുയർന്ന് വീടുകളിൽ താമസിക്കാൻ പറ്റാതായവർക്ക് കുട്ടനാട്ടിലും ജില്ലയിലെ മറ്റ് താലൂക്കുകളിലും ആവശ്യത്തിന് ക്യാമ്പുകൾ ആരംഭിച്ച് താമസസൗകര്യം ഒരുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് കൃഷി വകുപ്പുമന്ത്രി പി.പ്രസാദ് പറഞ്ഞു. ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യം ഉറപ്പുവരുത്തുന്നതിനും ഭക്ഷണം, കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ 58 ക്യാമ്പുകളിലായി 1108 കുടുംബങ്ങൾ ഉണ്ട്. 3754 പേർ ക്യാമ്പുകളിൽ കഴിയുന്നു. കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട ഏതു സാഹചര്യവും നേരിടാൻ ജില്ലാ ഭരണകൂടവും വകുപ്പുകളും സജ്ജമാണെന്ന് മന്ത്രി പറഞ്ഞു. കുട്ടനാട്ടിലെ വിവിധ ഭാഗങ്ങളിൽ ആരംഭിച്ച ദുരിതാശ്വാസ ക്യാമ്പുകളും മടവീഴ്ച ഉണ്ടായ പ്രദേശങ്ങളും ശനിയാഴ്ച സന്ദർശിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. രാമങ്കരി എൻ എസ് എസ് ഹൈസ്കൂൾ ക്യാമ്പിലാണ് മന്ത്രി ആദ്യമെത്തിയത്. ഏറെദൂരം വെള്ളത്തിലൂടെ നടന്നാണ് ക്യാമ്പിലെത്തിയത്. ക്യാമ്പ് അംഗങ്ങളുമായും ഉദ്യോഗസ്ഥരുമായും വിവരങ്ങൾ ചോദിച്ചറിഞ്ഞ് നിർദ്ദേശങ്ങൾ നൽകി. കിഴക്കൻ ഭാഗങ്ങളിൽ മഴ പെയ്യുമ്പോൾ കുട്ടനാട്ടിലേക്ക് വെള്ളം ഉയരുന്ന രീതിയാണ് കണ്ടുവരുന്നതെന്ന് മന്ത്രി പറഞ്ഞു. അച്ചൻകോവിലാർ മണിമലയാറും പമ്പയും എല്ലാം കരകവിഞ്ഞൊഴുകുന്നതോടെ കുട്ടനാട് വെള്ളത്തിനടിയിൽ ആകുന്ന അവസ്ഥയുണ്ട്. കുട്ടനാട് ഭാഗത്ത് മഴ കാര്യമായി കഴിഞ്ഞ ദിവസങ്ങളിൽ പെയ്തില്ലെങ്കിലും ജലനിരപ്പുയർന്നു തന്നെ നിൽക്കുകയാണ്. ജില്ലയിലാകെ നൂറിലധികം വീടുകൾ ഭാഗികമായി തകർന്നിട്ടുണ്ട്. ക്യാമ്പുകളിൽ വൈദ്യ പരിശോധനയ്ക്കുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ മിക്ക ക്യാമ്പുകളിലും കഴിഞ്ഞ ദിവസം സന്ദർശനം നടത്തി. കുട്ടനാട്ടിലെ ജലനിരപ്പ് താഴുന്നതിന് തോട്ടപ്പള്ളി, അന്ധകാരനഴി പൊഴികൾ മുറിച്ചിട്ടുണ്ട്. കൃഷി വകുപ്പും ആരോഗ്യവകുപ്പും പ്രത്യേക കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്. കളക്ടറേറ്റിലും താലൂക്ക് ഓഫീസുകളിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നു. വെള്ളക്കെട്ട് വന്ന് വീടുകളിൽ വെള്ളം കയറിയ സ്ഥലങ്ങളിൽ അത് കുറയ്ക്കുന്നതിനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കാൻ ഇറിഗേഷൻ വകുപ്പ് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് കൃഷിനാശം സംബന്ധിച്ച പ്രാഥമിക കണക്കെടുത്തുവരുകയാണ്. ഇതുവരെ 96 കോടി രൂപയുടെ കൃഷി നാശം ഉണ്ടായതായി കർഷകരിൽ നിന്നുള്ള പ്രാഥമിക വിവരങ്ങൾ ശേഖരിച്ചപ്പോൾ കണ്ടെത്തിയിട്ടുണ്ട്. പരിശോധന പൂർത്തിയാകുമ്പോൾ ഇതിൽ നിന്നും മാറ്റം വരാനാണ് സാധ്യത എന്നും മന്ത്രി പറഞ്ഞു. ഏറ്റവും കൂടുതൽ കൃഷിനാശം ആലപ്പുഴയിലാണ് ഉണ്ടായിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കൃഷിനാശം ഓണ വിപണിയെ ബാധിക്കുമെന്ന ആശങ്കയും അദ്ദേഹം പങ്കുവച്ചു.കുട്ടനാട്ടിലെ പ്രശ്നങ്ങൾ സ്ഥായിയായി പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. കുട്ടനാട് കുടിവെള്ള പദ്ധതിക്കുണ്ടായിരുന്ന തടസ്സങ്ങൾ അടിയന്തരമായി പരിഹരിച്ചു. കുടിവെള്ള പദ്ധതിയുടെ ടെൻഡർ നടപടികൾ കഴിഞ്ഞതായും മന്ത്രി പറഞ്ഞു. എ സി റോഡിലേക്കുള്ള 18 റോഡുകൾ ഉയർത്തി പണിയുന്നതിന് 26 കോടി രൂപ അനുവദിച്ചിണ്ടെന്ന് മന്ത്രിക്കൊപ്പം ഉണ്ടായിരുന്ന തോമസ് കെ തോമസ് എംഎൽഎ പറഞ്ഞു. ചമ്പക്കുളം പോരൂക്കര സെൻട്രൽ സ്കൂളിലെ ക്യാമ്പ്, നെടുമുടി സെൻമേരിസ് ഹൈസ്കൂളിലെ ക്യാമ്പ് എന്നിവിടങ്ങളിലും മന്ത്രിയും എം.എൽ.എ.യും സന്ദർശിച്ചു. ചമ്പക്കുളം ഇടംമ്പാടം മാനങ്കേരിയിലെ മടവീഴ്ച ഉണ്ടായ പ്രദേശങ്ങളും സന്ദർശനം നടത്തി. ജില്ല കളക്ടർ ഹരിതാ വി.കുമാർ, പഞ്ചായത്ത് പ്രസിഡന്റുമാരായ ആർ.രാജേന്ദ്രകുമാർ, റ്റി.ജി.ജലജകുമാരി, മിനി മന്മദൻ നായർ, സബ് കളക്ടർ സൂരജ് ഷാജി, പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ അനിത ജെയിംസ്, കുട്ടനാട് തഹസിൽദാർ എസ്.അൻവർ, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ എന്നിവരും സംഘത്തോടൊപ്പമുണ്ടായി.

## ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളുടെ എണ്ണം 69 ആയി

**ആലപ്പുഴ:** ജില്ലയിലെ 69 ദുരിതാശ്വാസ ക്യാമ്പുകളിലായി 1371 കുടുംബങ്ങളിലെ 1815 പുരുഷൻമാരും 2023 സ്ത്രീകളും 701 കുട്ടികളുമടക്കം 4539 പേർ കഴിയുന്നു. നിലവിൽ ചെങ്ങന്നൂർ 23, കുട്ടനാട് 19, മാവേലിക്കര എട്ട്, ചേർത്തല നാല്, കാർത്തികപ്പള്ളി 10, അമ്പലപ്പുഴ അഞ്ച് ക്യാമ്പുകളാണ് പ്രവർത്തിക്കുന്നത്. ചെങ്ങന്നൂരിൽ 230 കുടുംബങ്ങളിൽ നിന്നായി 819 പേരാണ് ക്യാമ്പുകളിലുള്ളത്. ചേർത്തലയിൽ 160 കുടുംബങ്ങളിലെ 389 പേരും മാവേലിക്കര 140 കുടുംബങ്ങളിലെ 457 പേരും കാർത്തികപ്പള്ളി 202 കുടുംബങ്ങളിലെ 727 പേരും ക്യാമ്പുകളിലുണ്ട്. കുട്ടനാട്ടിൽ 284 കുടുംബങ്ങളിലെ 887 പേരും അമ്പലപ്പുഴ 355 കുടുംബങ്ങളിലെ 1260 പേരും ക്യാമ്പുകളിൽ കഴിയുന്നു.ജില്ലയിൽ പ്രകൃതിക്ഷോഭത്തിൽ 24 മണിക്കൂറിനുള്ളിൽ ഏഴ് വീടുകൾ ഭാഗീകമായി തകർന്നു. രണ്ട് വീടുകൾ പൂർണമായും തകർന്നു. ഇതോടെ ജില്ലയിൽ ഭാഗീകമായി തകർന്ന വീടുകളുടെ എണ്ണം 216 ആയി. അഞ്ച് വീടുകളാണ് പൂർണമായും തകർന്നത്. ചേർത്തല 46, അമ്പലപ്പുഴ 100, കുട്ടനാട് 20, കാർത്തികപ്പള്ളി 23, മാവേലിക്കര 17, ചെങ്ങന്നൂർ 10 എന്നിങ്ങനെയാണ് നാശനഷ്ടമുണ്ടായ വീടുകളുടെ താലൂക്ക് അടിസ്ഥാനത്തിലുള്ള കണക്ക്. കാർത്തികപ്പള്ളി, കുട്ടനാട് താലൂക്കുകളിലായി 291 ഗ്രുവൽ സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ കുട്ടനാട് 288 എണ്ണം കുട്ടനാടാണ് തുറന്നത്. 21,049 കുടുംബങ്ങളിൽ നിന്നായി 82,928 പേർ ഈ കേന്ദ്രങ്ങളെ ആശ്രയിക്കുന്നു.

## ടെട്രാപോഡുകൾ നിരത്തി വീടുകൾ സംരക്ഷിക്കുന്ന നടപടി തുടരുന്നു



**ആലപ്പുഴ:** കടലാക്രമണ ഭീഷണി തടഞ്ഞ് ടെട്രാപോഡുകൾ നിരത്തി വീടുകൾ സംരക്ഷിന്ന നടപടി തുടരുന്നു. അമ്പലപ്പുഴ വടക്ക് പഞ്ചായത്തിലെ 15, 16 വാർഡുകളിലെ നീർക്കുന്നം, കാക്കാഴം തീരങ്ങളാണ് ടെട്രാപോഡുകൾ നിരത്തി സംരക്ഷിക്കുന്ന നടപടി പുരോഗമിക്കുന്നത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ ശക്തമായ മഴയിലും കാറ്റിലും കടൽ പെരുകിയതിനെത്തുടർന്ന് എച്ച് സലാം എം എൽ എ യുടെ ഇടപെടലിനെ തുടർന്ന് കിഫ്ബി താൽക്കാലിക സംരക്ഷണ പ്രവർത്തികൾക്ക് അനുമതി നൽകുകയായിരുന്നു. അതേ തുടർന്നാണ് ഇപ്പോൾ ടെട്രാപോഡുകൾ നിരത്തിയത്. സമീപത്ത് നേരത്തെ പുലിമുട്ടുകൾ നിർമ്മിച്ചിരുന്നെങ്കിലും നീർക്കുന്നം,കാക്കാഴം തീരത്ത് പുലിമുട്ട് നിർമ്മിക്കാൻ 43 കോടി രൂപ കിഫ്ബി പദ്ധതിയിൽ അനുവദിച്ചിരുന്നു. എന്നാൽ കടലിന്റെ ആഴത്തിൽ വ്യത്യാസം വന്നതിനെ തുടർന്ന് എസ്റ്റിമേറ്റ് പുതുക്കി സമർപ്പിച്ചു. സാങ്കേതികാനുമതി ലഭിച്ചാലുടൻ പുലിമുട്ട് നിർമ്മാണം വേഗത്തിൽ തുടങ്ങാനാകുമെന്ന് എം.എൽ.എ അറിയിച്ചു.എച്ച് സലാം എം എം എൽ എ സ്ഥലം സന്ദർശിച്ചു. വിവിധ സംഘടനാ പ്രതിനിധികളും ജനപ്രതിനിധികളും മന്ത്രിക്കൊപ്പമുണ്ടായി.

## നെഹ്റു ട്രോഫി ജലമേളയുടെ ഭാഗ്യചിഹ്നം;എൻട്രികൾ ക്ഷണിച്ചു

**ആലപ്പുഴ:** 69ാമത് നെഹ്റു ട്രോഫി ജലമേളയുടെ ഭാഗ്യചിഹ്നം നിശ്ചയിക്കാൻ പബ്ലിസിറ്റി കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന തലത്തിൽ മത്സരം നടത്തുന്നു. ജൂലൈ 19ന് വൈകിട്ട് 5 വരെ എൻട്രികൾ സമർപ്പിക്കാം. എ4 സൈസ് ഡ്രോയിംഗ് പേപ്പറിൽ മൾട്ടി കളറിലാണ് ഭാഗ്യചിഹ്നം തയ്യാറാക്കേണ്ടത്.സൃഷ്ടികൾ മൗലികമായിരിക്കണം. എൻട്രികൾ അയക്കുന്ന കവറിൽ '69ാമത് നെഹ്റു ട്രോഫി ജലമേള ഭാഗ്യചിഹ്നമത്സരം' എന്നു രേഖപ്പെടുത്തിയിരിക്കണം. ഒരാൾക്ക് ഒരു എൻട്രിയേ സമർപ്പിക്കാനാകൂ. പേര്, മേൽവിലാസം, ഫോൺ നമ്പർ, ഇമെയിൽ എന്നിവ പ്രത്യേകം പേപ്പറിൽ എഴുതി എൻട്രിക്കൊപ്പം സമർപ്പിക്കണം. കമ്പ്യൂട്ടറിൽ തയ്യാറാക്കിയ എൻട്രികളും സ്വീകരിക്കും.തിരഞ്ഞെടുക്കപ്പെടുന്ന സൃഷ്ടിയ്ക്ക് 5001 രൂപ സമ്മാനമായി നൽകും. സൃഷ്ടികൾ മൗലികമല്ലെന്നു തെളിഞ്ഞാൽ തള്ളിക്കളയാനുള്ള അധികാരവും സമ്മാനാർഹമായ സൃഷ്ടിയുടെ പൂർണ അവകാശവും നെഹ്റു ട്രോഫി പബ്ലിസിറ്റി കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും. വിധിനിർണയ സമിതിയുടെ തീരുമാനം അന്തിമമായിരിക്കും.എൻട്രികൾ കൺവീനർ, നെഹ്റു ട്രോഫി പബ്ലിസിറ്റി കമ്മിറ്റി, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, ആലപ്പുഴ 688001 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 04772251349

## കുട്ടനാട് താലൂക്കിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി

ആലപ്പുഴ: കുട്ടനാട് താലൂക്കിൽ വിവിധ പാടശേഖരങ്ങളിൽ മടവീഴ്ച മൂലം നിലവിൽ ഏകദേശം പൂർണ്ണമായും വെള്ളക്കെട്ട് രൂക്ഷമായ സാഹചര്യത്തിലും താലൂക്കിലെ മിക്ക സ്കൂളുകളിലും ക്യാമ്പുകൾ പ്രവർത്തിച്ചു വരുന്നതിനാലും ഇന്ന് ജില്ലയിലെ കുട്ടനാട് താലൂക്കിൽ സ്കൂളുകൾക്കും പ്രൊഫഷണൽ കോളേജുകൾക്കും ട്യൂഷൻ സെൻററുകൾക്കും അംഗൻവാടികൾക്കും ഉൾപ്പെടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും, കൂടാതെ ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും അവധി പ്രഖ്യാപിച്ച് ജില്ലാ കളക്ടർ ഉത്തരവായി. മുൻ നിശ്ചയിച്ച പ്രകാരമുള്ള പരീക്ഷകൾക്ക് മാറ്റമുണ്ടായിരിക്കുന്നതല്ല.

# ലക്ഷദ്വീപിൽ മസ്തിഷ്ക്കാഘാതം സംഭവിച്ച രോഗിക്ക് രക്ഷകരായി തീരസംരക്ഷണ സേന



**കൊച്ചി:** ലക്ഷദ്വീപിൽ മസ്തിഷ്ക്കാഘാതം സംഭവിച്ച് അതീവ ഗുരുതരാവസ്ഥയിലായ രോഗിയെ വെല്ലുവിളി നിറഞ്ഞ കാലാവസ്ഥയക്ക് നടുവിലൂടെ സാഹസികമായി വിമാനത്തിൽ കൊച്ചിയിലെ ആശുപത്രിയിൽ എത്തിച്ച് ഇന്ത്യൻ തീരസംരക്ഷണ സേന. മസ്തിഷ്ക്കാഘതത്തെ തുടർന്ന് അബോധാവസ്ഥയിലായ 48 വയസുള്ള രോഗിയെ ലക്ഷദ്വീപിലെ ആൻഡ്രോത്ത് ദ്വീപിലെ ഗവ.ഹോസ്പിറ്റലിൽ നിന്നും വിദഗ്ദ ചികിൽസയ്ക്കായി കൊച്ചിയിലെ ആശുപത്രിയിൽ എത്തിക്കണമെന്നും അല്ലെങ്കിൽ ജീവൻ അപകടത്തിലാകുമെന്നുമുള്ള ലക്ഷദ്വീപ് ഭരണകൂടത്തിന്റെ അഭ്യർഥനയെ തുടർന്നാണ് വെല്ലുവിളി നിറഞ്ഞ കാലാവസ്ഥയെ അവഗണിച്ച ഇന്നലെ  ഇന്ത്യൻ തീരസംരക്ഷണ സേന രംഗത്തിറങ്ങിയത്. ആൻഡ്രോത്തിൽ നിന്നും 170 കിലോമീറ്റർ സഞ്ചരിച്ച് അഗത്തിയിൽ രോഗിയെ  എത്തിച്ചതിനു ശേഷം വേണമായിരുന്നു  അവിടെ നിന്നും വിമാന മാർഗ്ഗം കൊച്ചിയിലേക്ക് കൊണ്ടുപോകാൻ. ലക്ഷദ്വീപ് ഭരണകൂടത്തിന്റെ സന്ദേശം എത്തിയതിനു പിന്നാലെ വെല്ലുവിളി നിറഞ്ഞ കാലാവസ്ഥയെ അവഗണിച്ച് തീരസംരക്ഷണ സേന സംഘം ആവശ്യമായ മെഡിക്കൽ ഉപകരണങ്ങളുമായി ഡോണിയർ വിമാനത്തിൽ ലക്ഷദ്വീപിലേക്ക് പറന്നു. കാലാവസ്ഥ വൻ പ്രതിസന്ധി സൃഷ്ടിച്ചെങ്കിലും അതിനെ അതിജീവിച്ച് കവരത്തിയിലെയും ആൻഡ്രോത്തിലെയും തീരസംരക്ഷണ സേന  അധികൃതർ രക്ഷാപ്രവർത്തനത്തിന്  കൃത്യമായ ഏകോപനം നടത്തി. തുടർന്ന് കവരത്തിൽ നിന്നും രോഗിയെ കൊച്ചിയിലെത്തിച്ച് വിദഗ്ദ ചികിൽസയ്ക്കായി സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി.

# സിഡ്കൊ വിദ്യാഭ്യാസ പുരസ്കാരങ്ങൾ വിതരണം ചെയ്തു



**കൊച്ചി:** കേബിൾ ടിവി ഓപ്പറേറ്റർമാരുടെ സഹകരണ സംഘമായ കേരള സ്റ്റേറ്റ് കേബിൾ ഇന്റർനെറ്റ് ഡെവലപ്മെന്റ് സഹകരണ സംഘത്തിന്റെ (സിഡ്കൊ) ആഭിമുഖ്യത്തിൽ സംഘാംഗങ്ങളുടെ മക്കളെിൽ എസ്എസ്എൽസി, പ്ലസ്ടു, ബിരുദ പരീക്ഷകളെിൽ ഉന്നതവിജയം നേടിയവർക്ക് വിദ്യാഭ്യാസ പുരസ്കാരങ്ങൾ വിതരണം ചെയ്തു. എറണാകുളം സിഒഎ ഭവനിൽ നടന്ന ചടങ്ങ് സഹകരണ സംഘം രജിസ്ട്രാർ ടിവി സുഭാഷ് ഐഎസ് ഉദ്ഘാടനം ചെയ്തു. 24 ന്യൂസ് ചാനൽ ചീഫ് എഡിറ്റർ ആർ ശ്രീകണ്ഠൻ നായർ മുഖ്യാതിഥിയായിരുന്നു. സിഡ്കൊ പ്രസിഡന്റ് കെ. വിജയകൃഷ്ണൻ അദ്ധ്യതവഹിച്ച ചടങ്ങിൽ അബൂബക്കർ സിദ്ദിഖ് (പ്രസിഡന്റ്, സിഒഎ), സിബി പിഎസ് (ട്രഷറർ, സിഒഎ), കെ ഗോവിന്ദൻ (ചെയർമാൻ, കേരളവിഷൻ ഗ്രൂപ്പ് ഓഫ് കമ്പനീസ്), സുരേഷ് കുമാർ പിപി (എംഡി, ഗജ ഇഘ, ഗഡആഘ)എം രാജ്മോഹൻ ( ചെയർമാൻ, കേരളവിഷൻ ചാനൽ), പ്രവീൺ മോഹൻ (വൈസ് പ്രസിഡന്റ്, സിഒഎ), പി.ബി സുരേഷ് ( സെക്രട്ടറി, സിഒഎ), എം മൻസൂർ (വൈസ് പ്രസിഡന്റ്, സിഡ്കൊ), സി.ആർ സുധീർ (കൗൺസിലർ) സിഡ്കൊ ഡയറക്ടർ ബിനു ശിവദാസ് ,സെക്രട്ടറി പത്മകുമാർ ആർ എന്നിവർസംസാരിച്ചു.

# ക്വിസ്, കളർ ചിത്രരചനാമത്സരങ്ങൾ സംഘടിപ്പിച്ചു



**കൊച്ചി :** ദേശീയ വായനാമാസാചരണത്തിന്റെ ഭാഗമായി പി.എൻ.പണിക്കർ  വിജ്ഞാൻ വികാസ് കേന്ദ്ര, പി.എൻ. പണിക്കർ ഫൗഷേൻ, പൊതുവിദ്യാഭ്യാസ വകുപ്പ്, ജില്ലാ ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ്  വകുപ്പ്, ചാവറ കൾച്ചറൽ  സെന്റർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ  ഹൈസ്ക്കൂൾ  വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരവും, എൽ.പി. വിദ്യാർത്ഥികൾക്കായി കളർ ചിത്രരചനാമത്സരവും സംഘടിപ്പിച്ചു. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ.ഉദ്ഘാടനം ചെയ്തു. ഹൈസ്ക്കൂൾ വിഭാഗം ക്വിസ് മത്സരത്തിൽ രാമമംഗലം ഹൈസ്കൂൾ വിദ്യാർത്ഥിനി  റിതിക സോണി, ഒന്നാം സ്ഥാനവും, എസ്.ഡി.പി.വൈ. ബോയ്സ് ഹൈസ്ക്കൂൾ വിദ്യാർത്ഥി  അൻരാജ് ആർ. രാം സ്ഥാനവും,അനാമിക അനീഷ് എം.ടി.എം.എസ്. എസ് പാമ്പാക്കട മൂന്നാം സ്ഥാനവും കരസ്ഥമാക്കി. എൽ.പി. വിഭാഗം ചിത്രരചനാ മത്സരത്തിൽ വിദ്യോദയ സ്കൂൾ വിദ്യാർത്ഥികളായ  അഭിമന്യു കെ., അറാഫ ഫാത്തിമ,  അങ്കമാലി വിശ്വജോതി സി.എം.ഐ. പബ്ലിക്ക് സ്ക്കൂൾ  വിദ്യാർത്ഥിനി എലൈന സാറാ എഡ്വിൻ എന്നിവർ ഒന്നും രും മൂന്നും സ്ഥാനം കരസ്ഥമാക്കി.വിജയികൾക്ക്സമ്മാനവുംസർട്ടിഫിക്കറ്റും ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ. വിതരണം ചെയ്തു. പി.എൻ. പണിക്കർ ജില്ലാ കോഡിനേറ്റർ ഹരീഷ് നമ്പൂതിരിപ്പാട്, ബെസി ലാൽ എന്നിവർ പ്രസംഗിച്ചു.

# മൺസൂൺ ആർട്ട് റസിഡൻസി പ്രോഗ്രാമിന് തുടക്കം

**കൊച്ചി:** കേരള ലളിതകലാ അക്കാദമിയുടെ മൺസൂൺ ആർട്ട് റസിഡൻസി പ്രോഗ്രാമിന് തുടക്കമായി.  എറണാകുളം പത്തടിപ്പാലം മ്യൂസിയംനഗറിലുള്ള അക്കാദമിയുടെ കെട്ടിടത്തിൽ ആരംഭിക്കുന്ന 'മൺസൂൺ ആർട്ട് റസിഡൻസി' പ്രോഗ്രാമിന്റെ ഉദഘാടനം എറണാകുളം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് നിർവ്വഹിച്ചു.ജനങ്ങൾ തിങ്ങി പാർക്കുന്ന ഇടം ആണെങ്കിലും തികച്ചും ശാന്തമായ ഒരു അന്തരീക്ഷം ആണ് റസിഡൻസിക്ക് തെരഞ്ഞെടുത്തത് എന്നത് വളരെ നല്ല കാര്യം ആണെന്നും ക്യാമ്പിൽ പങ്കെടുക്കുന്ന കലകരാർക്ക് മികച്ച കലാസൃഷ്ടി ചെയ്യുവാനും അന്താരാഷ്ട്ര തലത്തിൽ ഉയരാനും സാധിക്കട്ടെ എന്ന് ആഗ്രഹിക്കുന്നുവെന്നും ഉല്ലാസ് തോമസ് പറഞ്ഞു. മുൻപ് ഉായിരുന്ന പോലെ അക്കാദമിയും ജില്ലാ പഞ്ചായത്തും തുടർന്നും നല്ല രീതിയിൽ സഹകരണം ഉാകുമെന്നും ഉല്ലാസ് തോമസ് പറഞ്ഞു.അക്കാദമി ചെയർപേഴ്സൺ മുരളിചീരോത്ത് അദ്ധ്യക്ഷത വഹിച്ചു.ബോസ് കൃഷ്ണമാചാരി മുഖ്യപ്രഭാഷണം നടത്തി. അക്കാദമി സെക്രട്ടറി എൻ. ബാലമുരളീകൃഷ്ണൻ,ഭാഗ്യനാഥ് , ലേഖ നാരായണൻ തുടങ്ങിയവർ സംസാരിച്ചു.അഹല്യ രാജേന്ദ്രൻ, അമൽദേവ്, ബബിത രാജീവ്, ജിഗേഷ് ഗംഗാധരൻ, പ്രജിത് ഇ. എന്നിവർ ക്യാമ്പിൽ പങ്കെടുക്കും. റസിഡൻസി പ്രോഗ്രാം ആഗസ്റ്റ് 7ന് സമാപിക്കും

# സാമ്പത്തിക സാക്ഷരതാ ക്വിസ്

**ആലപ്പുഴ:** പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ആർ.ബി.ഐ. സംഘടിപ്പിച്ച ഹൈസ്കൂൾതല ക്വിസ് മത്സരത്തിന്റെ ജില്ലാതല മത്സരം ജൂലൈ 11ന് രാവിലെ 9.30 ചുങ്കത്ത് പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിങ് കമ്പനി ലിമിറ്റഡിൽ നടക്കും. സർക്കാർ സ്കൂളുകളിലെ എട്ട്, ഒമ്പത്, 10 ക്ലാസ് വിദ്യാർഥികൾക്കായി സംഘടിപ്പിച്ച ഉപജില്ലാ ക്വിസിൽ നിന്നും ഒന്നാം സ്ഥാനത്തെത്തിയ സ്കൂളുകളാണ് മത്സരിക്കുക. ജില്ലാതല ക്വിസിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്നവർക്ക് 10,000, 7500, 5000 എന്ന ക്രമത്തിൽ ക്യാഷ് പ്രൈസ് ലഭിക്കും. ഒന്നാം സ്ഥാനം നേടുന്നവർക്ക് 18ന് തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാനതല ക്വിസ് മത്സരത്തിൽ ജില്ലയെ പ്രതിനിധീകരിച്ച് പങ്കെടുക്കാം. സംസ്ഥാന ജേതാക്കൾക്ക് സോണൽ ലെവൽ മത്സരത്തിലും പങ്കെടുക്കാം.

# ഇന്ത്യയിൽ 84% ആളുകളും നിർമ്മാണ വിപണിയിൽ ശുഭാപ്തി വിശ്വാസം പുലർത്തുന്നവരെന്ന് സർവ്വേ

**നിർമ്മാണ ചെലവുകളിലും പുതിയ ആസ്തി സൃഷ്ടിക്കുന്നതിലും സർക്കാരിന്റെ പിന്തുണ ഗണ്യമായതോ മിതമായതോ ആയ സ്വാധീനം ചെലുത്തുമെന്ന് 80 ശതമാനം പേർ കരുതുന്നു.**

**കൊച്ചി:** ഇന്ത്യയിൽ 84 ശതമാനം ആളുകളും നിർമ്മാണ വിപണിയെ കുറിച്ച ശുഭാപ്തി വിശ്വാസം പുലർത്തുന്നവരെന്ന് കെപിഎംജിയുടെ ഗ്ലോബൽ കൺസ്ട്രക്ഷൻ നടത്തിയ'പരിചിതമായ വെല്ലുവിളികൾ, പുതിയ സമീപനങ്ങൾ ഗ്ലോബൽ കൺസ്ട്രക്ഷൻ സർവേ 2023 ഇന്ത്യ പതിപ്പിൽ വ്യക്തമായതായി കെപിഎംജി, മേജർ പ്രോജക്ട്സ് അഡ്വൈസറി ആൻഡ് ഇൻഡസ്ട്രി 4.0, പാർട്ണർ സുനീൽ വോറ പറഞ്ഞു.നിർമ്മാണ ചെലവുകളിലും പുതിയ ആസ്തി സൃഷ്ടിക്കുന്നതിലും സർക്കാരിന്റെ പിന്തുണ ഗണ്യമായതോ മിതമായതോ ആയ സ്വാധീനം ചെലുത്തുമെന്ന് 80 ശതമാനം പേർ കരുതുന്നു. മൂലധന പദ്ധതികളിലേക്കും പ്രോഗ്രാമുകളിലേക്കും ഇ എസ്ജി നടപ്പിലാക്കുന്നത് അവർക്ക് മത്സരാധിഷ്ഠിത നേട്ടം നൽകുമെന്ന് ഭാവി ചിലർ പറയുന്നു. നിർമ്മാണ പരിപാടികളിലും പദ്ധതികളിലും ഊർജ്ജ കാര്യക്ഷമത, നിർമ്മാണ മാലിന്യങ്ങൾ കുറയ്ക്കൽ, സുസ്ഥിരവും പ്രാദേശികവുമായ വസ്തുക്കളുടെ കൂടുതൽ കാര്യക്ഷമമായ ഉപയോഗം, പുനരുപയോഗ ഊർജ്ജം തുടങ്ങിയ ഡീകാർബണൈസേഷൻ രീതികളിൽ 90 ശതമാനം പേരും അനുകൂലിക്കുന്നു. മെച്ചപ്പെട്ടതും നൂതനവുമായ പരിശീലന പരിപാടികൾക്കൊപ്പം ഡിജിറ്റൽ ടെക്നോളജിയിലും ഇ എസ്ജിയിലും ഉള്ള നിക്ഷേപം പ്രതിഭകളെ ആകർഷിക്കാൻ പ്രവണത കാണിക്കുമെന്ന് സ്ഥാപനങ്ങൾ സ്ഥിരീകരിക്കുന്നതോടെ പ്രതിഭകളെ ആകർഷിക്കുന്നതിലും നിലനിർത്തുന്നതിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സർവേയിലെ കണ്ടെത്തലുകൾ നമ്മുടെ ഇന്ത്യൻ നിർമ്മാണ വ്യവസായത്തിന്റെ ശക്തമായ വീക്ഷണത്തെ കാണിക്കുന്നു. സർക്കാർ മുന്നോട്ട് വെക്കുന്ന അടിസ്ഥാന സൗകര്യ ഉത്തേജനം, ഉൽപ്പാദന പ്രോത്സാഹനങ്ങൾ, സ്വകാര്യ മേഖലയുടെ പങ്കാളിത്തം എന്നിവയാൽ ഇത് നയിക്കപ്പെടുന്നു. പ്രതിബദ്ധതകൾ. ഇത് അടുത്ത 12 മാസത്തിനുള്ളിൽ 20 ശതമാനം വരുമാന വളർച്ചയോ മൂലധന നിക്ഷേപത്തിലെ വർദ്ധനവോ സൂചിപ്പിക്കുന്നുവെന്നും സുനീൽ വോറ പറഞ്ഞു.ഈ റിപ്പോർട്ടിലൂടെ, മൂലധന പ്രോജക്റ്റ് പ്രകടനം മെച്ചപ്പെടുത്തുന്നതിനും അപകടസാധ്യതകൾ ലഘൂകരിക്കുന്നതിനും മൊത്തത്തിലുള്ള ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള വിദഗ്ധ ഉൾക്കാഴ്ചകൾ, മുൻനിര പ്രാക്ടീസുകൾ, ബെഞ്ച്മാർക്കിംഗ് സ്വയം വിലയിരുത്തൽ ഉപകരണം എന്നിവ വാഗ്ദാനം ചെയ്യുന്നുതായി കമ്പനി അറിയിച്ചു.

## റിഫ്രഷ്മെന്റ് അലവൻസ് കൂട്ടി

**തിരുവനന്തപുരം:**സംസ്ഥാനത്തെ എൻ.സി.സി. കേഡറ്റുകൾക്ക് അനുവദിച്ചു നൽകുന്ന റിഫ്രഷ്മെന്റ് അലവൻസ് 15 രൂപയിൽ നിന്ന് 20 രൂപയാക്കി ഉയർത്തിയതായി ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു.കഴിഞ്ഞ പത്തു വർഷത്തിനിടെ ആഹാര സാധനങ്ങൾക്കുണ്ടായ വില വർദ്ധന മൂലം നിലവിൽ കേഡറ്റുകൾക്ക് അനുവദിച്ചു നൽകുന്ന തുക പര്യാപ്തമല്ല. ഇതു പരിഗണിച്ചാണ് എൻ.സി.സി. കേഡറ്റുകൾക്ക് നൽകുന്ന റിഫ്രഷ്മെന്റ് അലവൻസ് വർദ്ധിപ്പിക്കുന്നത് മന്ത്രി ഡോ. ബിന്ദു പറഞ്ഞു.

## ജൂനിയർ ലക്ചറർ

**തിരുവനന്തപുരം:** തിരുവനന്തപുരം ഗവ. നഴ്സിങ് കോളജിൽ 202324 അധ്യയന വർഷത്തേക്ക് ജൂനിയർ ലക്ചറർമാരുടെ 18 ഒഴിവിലേക്ക് വാക് ഇൻ ഇന്റർവ്യൂ നടത്തും. സംസ്ഥാനത്തെ ഏതെങ്കിലും ഗവ. നഴ്സിങ് കോളജിൽ നിന്നുള്ള എം.എസ്.സി നഴ്സിങ് ബിരുദവും കെ.എൻ.എം.സി രജിസ്ട്രേഷനും ആണ് യോഗ്യത. സ്റ്റൈപന്റ് പ്രതിമാസം 20,500 രൂപ. താത്പര്യമുള്ളവർ വിശദമായ ബയോഡാറ്റയും, യോഗ്യത, വയസ്, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി ജൂലൈ 14ന് രാവിലെ 10നു കോളജിൽ നേരിട്ട് ഹാജരാകണം.

# സൗഹൃദത്തിന്റെ സ്നേഹമഴയായ് ' ഴ' എത്തുന്നു




**കൊച്ചി:** മണികണ്ഠൻ ആചാരി, നന്ദു ആനന്ദ് എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി ഗിരീഷ് പി സി പാലം രചനയും സംവിധാനവും നിർവ്വഹിച്ച 'ഴ' യുടെ ടീസർ സംവിധായകൻ ലാൽ ജോസ് തന്റെ ഫെയ്സ്ബുക്ക് പേജിലൂടെ റിലീസ് ചെയ്തു.ടീസർ സോഷ്യൽ മിഡീയായിലൂടെയും അണിയറ പ്രവർത്തകർ പുറത്തുവിട്ടു. തീവ്രമായൊരു സൗഹൃദത്തിൻറെ കഥ പറയുന്ന ചിത്രമാണ് 'ഴ'. സ്വന്തം ജീവനേക്കാൾ തന്റെ സുഹൃത്തിനെ സ്നേഹിക്കുന്ന രണ്ട് യുവാക്കളുടെ തീക്ഷ്ണവും തീവ്രവുമായ സൗഹൃദവഴിയിലൂടെയാണ് 'ഴ' യുടെ കഥ വികസിക്കുന്നത്. തമാശയും സസ്പെൻസും ത്രില്ലും ഇഴപിരിയാതെ പോകുന്ന ഈ സിനിമ ഒരു കുടുംബ പശ്ചാത്തലത്തിന്റെ കഥ കൂടി പറയുന്നുണ്ട്. മനുഷ്യബന്ധങ്ങളിൽ ഇങ്ങനെയും സൗഹൃദങ്ങൾ ഉണ്ടോ? ആ ഒരു ചോദ്യത്തിനുള്ള ഉത്തരം കൂടിയാണ് 'ഴ' യുടെ ഇതിവൃത്തം. മനോഹരങ്ങളായ ഗാനങ്ങളും സിനിമയുടെ മറ്റൊരു പുതുമയാണ്. നൈറാ നീ ഹാർ, സന്തോഷ് കീഴാറ്റൂർ, ലക്ഷ്മി പ്രിയ, രാജേഷ് ശർമ്മ ,ഷൈനി സാറ,വിജയൻ കാരന്തൂർ, അജിത വി.എം., അനുപമ വി.പി. എന്നിവരാണ് മറ്റ് അഭിനേതാക്കൾ.ബാനർവോക്ക് മീഡിയ, നന്ദന മുദ്ര ഫിലിംസ്.രചന, സിവിധാനം ഗിരീഷ് പി സി പാലം. നിർമ്മാണം രാജേഷ് ബാബു കെ ശൂരനാട്. കോ പ്രൊഡ്യൂസേഴ്സ് സബിത ശങ്കർ, വി പ്രമോദ്, സുധി. ഡി ഒ പി ഹുസൈൻ അബ്ദുൾ ഷുക്കൂർ, സംഗീതം രാജേഷ് ബാബു കെ, അസോസിയേറ്റ് ഡയറക്ടർ ഷാജി നാരായണൻ, പ്രൊഡക്ഷൻ കൺട്രോളർ സുധി പി സി പാലം, എഡിറ്റർ പ്രഹ്ളാദ് പുത്തൻചേരി, സ്റ്റിൽസ് ആൻറ് സെക്കൻറ് യൂണിറ്റ് ക്യാമറ രാകേഷ് ചിലിയ , കല വി പി സുബീഷ്, പി ആർ ഒ പി ആർ സുമേരൻ, ഡിസൈൻ മനോജ് ഡിസൈൻസ്,

